# യൂണിറ്റ്
# 2

## 1991 മുതലുള്ള സാമ്പത്തിക പരിഷ്കാരങ്ങൾ

*നാല്പതു വർഷത്തെ ആസൂത്രിത വികസനത്തിന്റെ ഭാഗമായി ഭക്ഷ്യധാന്യോൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും, വ്യവസായ മേഖലയിൽ ശക്തമായ ഒരു അടിത്തറ കെട്ടിപ്പടുക്കുന്നതിനും ഇന്ത്യക്ക് കഴിഞ്ഞിട്ടുണ്ട്. എന്നിരിക്കിലും ഭൂരിപക്ഷം ജനങ്ങൾ ഇപ്പോഴും കാർഷിക മേഖലയെ തന്നെയാണ് ഉപജീവനത്തിനായി ആശ്രയിക്കുന്നത്. ഇന്ത്യയിൽ വിദേശനാണ്യശേഖരണത്തിലുണ്ടായ പ്രതിസന്ധി 1991 – ൽ സാമ്പത്തിക പരിഷ്ക്കാരങ്ങൾക്ക് തുടക്കം കുറിച്ചു. ഈ യൂണിറ്റിൽ സാമ്പത്തിക പരിഷ്ക്കാരങ്ങളെ വിലയിരുത്താനും, അവ ഇന്ത്യയെ എങ്ങനെ സ്വാധീനിച്ചു എന്ന് കണ്ടെത്താനുമാണ് ശ്രമിക്കുന്നത്.*

I6L4D9

അധ്യായം – 3

# ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം ഒരു വിലയിരുത്തൽ

**പഠനനേട്ടങ്ങൾ**

- 1991 ൽ ഇന്ത്യയിൽ നടപ്പാക്കിയ സാമ്പത്തികനയത്തിന്റെ പശ്ചാത്തലത്തെക്കുറിച്ച് ധാരണനേടുന്നു.
- സാമ്പത്തികനയം നടപ്പാക്കിയ രീതികൾ ബോധ്യപ്പെടുന്നു.
- ഇന്ത്യയിൽ ആഗോളവൽക്കരണ പ്രക്രിയകളും അതിന്റെ വിവക്ഷകളും തിരിച്ചറിയുന്നു.
- വിവിധ മേഖലകളിലെ പരിഷ്കരണപ്രക്രിയയുടെ ആഘാതത്തെക്കുറിച്ച് ധാരണനേടുന്നു.

"സാമ്പത്തിക വികസനം കൊണ്ട് എല്ലാമാകില്ല എന്നതിലും, ജിഡിപി സമൂഹ്യ പുരോഗതിയുടെ ഒരു അളവുകോലല്ല എന്നതിലും ലോകത്ത് ഇപ്പോൾ ഏകാഭിപ്രായമാണ് ഉള്ളത്."
***കെ. ആർ. നാരായണൻ***

## 3.1 ആമുഖം

മുതലാളിത്തത്തിന്റെയും സോഷ്യലിസത്തിന്റെയും നല്ല വശങ്ങൾ ഇടകലർന്ന ഒരു മിശ്രസമ്പദ്ഘടനയായിരുന്നു സ്വാതന്ത്ര്യാനന്തര ഇന്ത്യ പിന്തുടർന്നത് എന്ന് മുൻ അദ്ധ്യായത്തിൽ നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ. കാലാകാലങ്ങളായി പല നയങ്ങളിലൂടെയും നിയമങ്ങളിലൂടെയും നമ്മുടെ സമ്പദ്വ്യവസ്ഥയെ നിയന്ത്രിച്ചുകൊണ്ടുള്ള ഒരു വികസന കാഴ്ചപ്പാടാണ് സാമ്പത്തികവിദഗ്ധർ മിശ്രസമ്പദ്വ്യവസ്ഥയിലൂടെ ഉദ്ദേശിച്ചത്. പക്ഷെ ഈ നയങ്ങൾ നമ്മുടെ രാജ്യത്തിന്റെ വളർച്ചയെയും വികസനത്തെയും തടസ്സപ്പെടുത്തുകയാണ് ഉണ്ടായതെന്ന് ഒരു വിഭാഗം പണ്ഡിതർക്ക് അഭിപ്രായമുണ്ട്. എന്നാൽ സാമ്പത്തിക മുരടിപ്പിൽ നിന്നാണ് രാജ്യത്തിന്റെ വികസനപാതക്ക് തുടക്കം കുറിച്ചത്. അതിന്റെ ഭാഗമായി ദേശീയ സമ്പാദ്യത്തിൽ വളർച്ച നേടാൻ കഴിഞ്ഞു; വൈവിധ്യമാർന്ന സാധനങ്ങൾ ഉൽപാദിപ്പിക്കുന്ന വ്യവസായ മേഖല വികസിച്ചുവന്നു; കൂടാതെ കാർഷികോൽപ്പന്നങ്ങളുടെ സുസ്ഥിരമായ വികസനം ഭക്ഷ്യ സുരക്ഷ ഉറപ്പു നൽകി. ഇതൊക്കെയാണ് മറ്റൊരു വിഭാഗം സാമ്പത്തിക ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം.

1991 ൽ വിദേശ കടവുമായി ബന്ധപ്പെട്ട വലിയ സാമ്പത്തിക പ്രതിസന്ധിയെ ഇന്ത്യ അഭിമുഖീകരിച്ചു. വിദേശ കടത്തിന്റെ തിരിച്ചടവു പോലും നടത്താൻ ഗവൺമെന്റിന് കഴിയാത്ത അവസ്ഥയായിരുന്നു. എണ്ണയും മറ്റ് പ്രധാന ഇന്ധനങ്ങളും ഇറക്കുമതി ചെയ്യുന്നതിനുള്ള വിദേശനാണ്യശേഖരം (Foreign Exchange Reserves) വളരെ പരിമിതമായിരുന്നു. അതായത് രാജ്യത്തിന്റെ കൈവശമുള്ള വിദേശനാണ്യ ശേഖരം ഏതാണ്ട് രണ്ടാഴ്ചയ്ക്ക് പോലും ആവശ്യമായ ഇറക്കുമതിക്ക് തികയുമായിരുന്നില്ല. നിത്യോപയോഗ സാധനങ്ങളുടെ വില വൻതോതിൽ കുതിച്ചുയർന്നതും പ്രതിസന്ധിക്ക് ആക്കംകൂട്ടി. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ ഇന്ത്യാ ഗവണ്മെന്റ് പുതിയ നയങ്ങൾ ആവിഷ്കരിക്കുകയും, അത് നമ്മുടെ വികസനതന്ത്രത്തിന്റെ ദിശ മാറ്റുകയും ചെയ്തു. സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലം, ഗവൺമെന്റ് സ്വീകരിച്ച നടപടികൾ, വിവിധ മേഖലകളിൽ ഇതിന്റെ ആഘാതം എന്നിവയെക്കുറിച്ചാണ് ഈ അധ്യായത്തിൽ പ്രതി പാദിക്കുന്നത്.

## 3.2 പശ്ചാത്തലം (Background)

സാമ്പത്തിക പ്രതിസന്ധിക്ക് തുടക്കം കുറിച്ചത്, 1980 കളിലെ ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ കാര്യക്ഷമതയില്ലാത്ത ഭരണ നിർവഹണമായിരുന്നു. വിവിധ നയങ്ങളും പൊതുഭരണവും നടപ്പാക്കുന്നതിനാവശ്യമായ ധനസഞ്ചയം നികുതികൾ, പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭം തുടങ്ങിയ ഉറവിടങ്ങളിൽ നിന്ന് ഗവൺമെന്റ് കണ്ടെത്തുമെന്ന് നമുക്കറിയാമല്ലോ. ചെലവ് വരുമാനത്തേക്കാൾ ഉയർന്നതാ

ണെങ്കിൽ ആ കമ്മി (deficit) നികത്തുന്നതിനായി ബാങ്കുകളിൽ നിന്നും, ജനങ്ങളിൽ നിന്നും, അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും (International Financial Institutions) ഗവൺമെന്റ് കടമെടുക്കും. പെട്രോളിയം പോലുള്ള സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നതിന് ആവശ്യമായ വിദേശനാണ്യം (ഡോളർ) കയറ്റുമതിയിൽ നിന്നാണ് നാം നേടിയിരുന്നത്.

രാജ്യത്തിന്റെ വരുമാനം കുറവായിരുന്നെങ്കിലും വികസന നയങ്ങൾ നടപ്പിലാക്കുന്നതിനും, സാമ്പത്തിക പ്രശ്നങ്ങളായ തൊഴിലില്ലായ്മ, ദാരിദ്ര്യം, ജനസംഖ്യാവിസ്ഫോടനം എന്നിവയെ മറികടക്കുന്നതിനും ഗവൺമെന്റിന്റെ വരുമാനം വർദ്ധിപ്പിക്കേണ്ടിയിരുന്നു. ഗവൺമെൻറ് തുടർച്ചയായി വികസന പരിപാടികൾക്ക് പണം ചെലവിട്ടിട്ടും പുതിയ വരുമാനമൊന്നും ഉണ്ടായില്ല. കൂടാതെ നികുതി പോലുള്ള ആഭ്യന്തര ഉറവിടത്തിൽ നിന്നും ആവശ്യമായ വരുമാനമുണ്ടാക്കാൻ ഗവൺമെന്റിന് കഴിഞ്ഞിരുന്നില്ല. ഗവൺമെന്റ് വരുമാനത്തിന്റെ ഭൂരിഭാഗവും ചെലവഴിച്ചിരുന്നത് വളരെ പെട്ടെന്നു തന്നെ സാമ്പത്തിക നേട്ടം ലഭിക്കാത്ത സാമൂഹ്യ മേഖല, പ്രതിരോധം എന്നിവയിലായിരുന്നു. അതുകൊണ്ടു തന്നെ ബാക്കി വരുമാനം വളരെ മികവുറ്റ രീതിയിൽ ഉപയോഗിക്കേണ്ടതായിരുന്നു. വർദ്ധിച്ചുവരുന്ന ചെലവുകൾക്കനുസൃതമായി വൻതോതിലുള്ള വരുമാനമൊന്നും നമ്മുടെ പൊതുമേഖലയിൽ നിന്ന് ലഭിച്ചിരുന്നില്ല. മാത്രവുമല്ല വിദേശരാജ്യങ്ങളിൽ നിന്നും വിദേശ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയിരുന്ന കടം പ്രധാനമായും ഉപഭോഗ ആവശ്യങ്ങൾക്കാണ് ഗവൺമെന്റ് ഉപയോഗിച്ചിരുന്നത്. ഗവൺമെന്റിന്റെ അമിതമായ ചെലവുകൾ നിയന്ത്രിക്കാനോ, വർദ്ധിച്ചുവരുന്ന ഇറക്കുമതി ചെലവ് നികത്താനാവശ്യമായ കയറ്റുമതി മൂല്യം വർദ്ധിപ്പിക്കുന്നതിനോ ഉള്ള ശ്രമങ്ങളും നടന്നിരുന്നില്ല.

1980കളുടെ അവസാനത്തിൽ ഗവൺമെൻറ് ചെലവ്, വരവിനേക്കാൾ അധികമാകാൻ തുടങ്ങി. ഇത്തരത്തിലുള്ള ഒരു വലിയ വിടവ് കടംവാങ്ങലിലൂടെ പരിഹരിക്കാവുന്നതായിരുന്നില്ല. മിക്ക അത്യാവശ്യസാധനങ്ങളുടെയും വില കുതിച്ചുയർന്നു. കയറ്റുമതിയുമായി ഒരു പൊരുത്തമില്ലാതെ ഇറക്കുമതി അതിവേഗം വർദ്ധിച്ചു കൊണ്ടിരുന്നു. നേരത്തെ സൂചിപ്പിച്ചതുപോലെ രണ്ടാഴ്ചയിൽ കൂടുതൽ ഇറക്കുമതിക്കാവശ്യമായ വിദേശനാണ്യശേഖരം പോലും കൈവശമുണ്ടായിരുന്നില്ല. വിദേശ കടങ്ങൾക്കുള്ള പലിശ നൽകാൻ പോലും ആവശ്യമായ വിദേശനാണ്യം ലഭ്യമായിരുന്നില്ല. അതുപോലെതന്നെ, വിദേശ ധനകാര്യസ്ഥാപനങ്ങളും രാജ്യങ്ങളും ഇന്ത്യക്ക് കടം നൽകാനും തയ്യാറായിരുന്നില്ല.

ഈ അവസരത്തിൽ സാമ്പത്തിക-സഹായത്തിനായി ഇന്ത്യ ലോകബാങ്കിനേയും (IBRD-International Bank For Reconstruction and Development-World Bank) അന്താരാഷ്ട്ര നാണയ നിധിയേയും (International Monetary Fund- IMF) സമീപിക്കുകയും ഈ പ്രതിസന്ധി കൈകാര്യം ചെയ്യുന്നതിനായി 700 കോടി അമേരിക്കൻ ഡോളർ വായ്പയായി ലഭിക്കുകയും ചെയ്തു. അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിനായി നമ്മുടെ സാമ്പദ്വ്യവസ്ഥ ഉദാരവൽക്കരിക്കുകയും, തുറന്നിടുകയും ചെയ്യേണ്ടിയിരുന്നു. സ്വകാര്യ മേഖലയ്ക്കുള്ള നിയന്ത്രണങ്ങൾ മാറ്റുക, വിവിധ മേഖല

കളിലെ ഗവൺമെന്റിന്റെ നിയന്ത്രണങ്ങൾ കുറയ്ക്കുക, ഇന്ത്യയും വിദേശ രാജ്യങ്ങളും തമ്മിലുള്ള വ്യാപാര നിയന്ത്രണങ്ങൾ നീക്കം ചെയ്യുക എന്നിവയെല്ലാം നമ്മുടെ രാജ്യത്ത് നടപ്പാക്കുമെന്ന് ഈ അന്താരഷ്ട്ര ധനകാര്യസ്ഥാപനങ്ങൾ പ്രതീക്ഷിച്ചിരുന്നു.

ലോകബാങ്കിന്റെയും ഐ.എം.എഫിന്റേയും നിബന്ധനകൾ ഇന്ത്യ അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പുതിയ സാമ്പത്തിക നയം (New Economic Policy - NEP) പ്രഖ്യാപിക്കുകയും ചെയ്തു. വലിയ തലത്തിലുള്ള സാമ്പത്തിക പരിഷ്കാരങ്ങളാണ് പുത്തൻ സാമ്പത്തിക നയത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. 'സമ്പദ്വ്യവസ്ഥയെ കൂടുതൽ മത്സരാധിഷ്ഠിതമാക്കുവാനും തടസ്സങ്ങൾ നീക്കി കൂടുതൽ വ്യാവസായിക വളർച്ച സൃഷ്ടിക്കാനുമാണ് പുതിയ സാമ്പത്തിക നയങ്ങൾ ലക്ഷ്യമിട്ടത്.'

ഈ നയങ്ങളെ പൊതുവേ രണ്ടായി തരം തിരിക്കാം. സുസ്ഥിരമാക്കൽ നടപടികൾ (stabilisation measures), ഘടനാപരമായ പരിഷ്കാരങ്ങൾ (structural reform measures). സുസ്ഥിരമാക്കൽ നടപടികൾ ഹ്രസ്വകാല നടപടികളാണ്. അടവുശിഷ്ടത്തിലെ (Balance of Payment) കമ്മി പരിഹരിക്കുന്നതിനും, പണപ്പെരുപ്പം (Inflation) നിയന്ത്രിക്കുന്നതിനുമാണ് ഈ നടപടികൾ ലക്ഷ്യംവെച്ചത്. ചുരുക്കി പ്പറഞ്ഞാൽ നമ്മുടെ രാജ്യത്ത് ആവശ്യമായ വിദേശ നാണ്യശേഖരം നിലനിർത്തുക, വിലക്കയറ്റം നിയന്ത്രണവിധേയമാക്കുക എന്നൊക്കെയാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. മറിച്ച് ഘടനാപരമായ പരിഷ്കരണനയങ്ങൾ ദീർഘകാല നടപടികളാണ്. സമ്പദ്വ്യവസ്ഥയുടെ കാര്യക്ഷമത മെച്ചപ്പെടുത്തുക, വിവിധ മേഖലകളിലെ തടസ്സങ്ങൾ ഒഴിവാക്കി സമ്പദ്വ്യവസ്ഥയുടെ അന്താരാഷ്ട്ര മത്സരക്ഷമത വർദ്ധിപ്പിക്കുക എന്നിവയൊക്കെയാണ് ഇതുകൊണ്ട് ലക്ഷ്യമിട്ടത്. ഇതിന്റെ ഭാഗമായി ഗവൺമെന്റ് തുടങ്ങി വെച്ച വിവിധ നയങ്ങളെ മൂന്നായി തിരിക്കാം

ഉദാരവൽക്കരണം (Liberalisation),

സ്വകാര്യവൽക്കരണം (Privatisation),

ആഗോളവൽക്കരണം (Globalisation).

## 3.3 ഉദാരവൽക്കരണം (Liberalisation)

മുമ്പ് സൂചിപ്പിച്ചപോലെ സാമ്പത്തിക പ്രവർത്തനങ്ങളെ നിയന്ത്രിച്ചിരുന്ന നിയമങ്ങളും നയങ്ങളും യഥാർത്ഥത്തിൽ സമ്പദ്വ്യവസ്ഥയുടെ വളർച്ചയേയും വികസനത്തെയും തടസ്സപ്പെടുത്തുകയാണ് ചെയ്തത്. ഈ തടസ്സങ്ങളെല്ലാം ഒഴിവാക്കി സമ്പദ്വ്യവസ്ഥയുടെ വിവിധമേഖലകൾ തുറന്നുകൊടുക്കുന്നതാണ് ഉദാരവൽക്കരണ നടപടികൾ. ഉദാരവൽക്കരണ നയങ്ങൾ 1980കളിൽ തന്നെ ഇന്ത്യയിൽ ആരംഭിച്ചിരുന്നു. ഇവ പ്രധാനമായും വ്യവസായ അനുമതി നൽകൽ (Industrial Licencing), കയറ്റുമതി ഇറക്കുമതി നയങ്ങൾ (Export - Import Policy), സാങ്കേതികവിദ്യാ നവീകരണം (Technology Upgradation), ധനനയം (Fiscal Policy), വിദേശനിക്ഷേപം (Foreign Investment) തുടങ്ങിയ രംഗങ്ങളിലായിരുന്നു. 1991-ൽ തുടങ്ങിയ ഉദാരവൽക്കരണം കൂടുതൽ സമഗ്രമായിരുന്നു. 1991 -ലും അതിനുശേഷവും കൂടുതൽ ശ്രദ്ധകിട്ടിയ വ്യവസായമേഖല, ധനകാര്യ മേഖല, നികുതി പരിഷ്കാരം, വിദേശവിനിമയ

കമ്പോളങ്ങൾ, വ്യാപാര നിക്ഷേപ മേഖലകൾ എന്നിവയെ കുറിച്ച് നമുക്ക് പഠിക്കാം.

## വ്യവസായ മേഖലയിലെ നിയന്ത്രണം മാറ്റൽ (Deregulation of Industrial sector)

ഇന്ത്യയിൽ വിവിധ മാർഗ്ഗങ്ങളിലൂടെ വ്യവസായ മേഖലയ്ക്ക് മുകളിൽ ചില നിയന്ത്രണങ്ങൾ നടപ്പിലാക്കിയിരുന്നു.

(i) ഏതൊരു സംരംഭകനും വ്യവസായം തുടങ്ങുന്നതിനും അവസാനിപ്പിക്കുന്നതിനും, എന്തൊക്കെ എത്രമാത്രം ഉൽപാദിപ്പിക്കണം എന്നതിനും സർക്കാറിൽ നിന്നുള്ള വ്യാവസായിക അനുമതി ആവശ്യമായിരുന്നു.

(ii) ഒട്ടനവധി വ്യവസായങ്ങളിൽ സ്വകാര്യ മേഖലയെ അനുവദിച്ചിരുന്നില്ല.

(iii) ചില സാധനങ്ങളുടെ ഉൽപാദനം ചെറുകിട വ്യവസായ മേഖലയ്ക്ക് മാത്രമായി നിജപ്പെടുത്തിയിരുന്നു.

(iv) തെരഞ്ഞെടുക്കപ്പെട്ട ചില വ്യവസായ ഉൽപന്നങ്ങളുടെ വില നിർണയത്തിലും, വിതരണത്തിലും ഗവൺമെന്റിന്റെ നിയന്ത്രണം നിലനിന്നിരുന്നു.

1991 ലും അതിനു ശേഷവും തുടങ്ങിയ പരിഷ്ക്കാരനയങ്ങൾ ഇത്തരത്തിലുള്ള മിക്ക നിയന്ത്രണങ്ങളും എടുത്തുകളഞ്ഞു. മദ്യം, സിഗരറ്റ്, ആപൽകരമായ രാസവസ്തുക്കൾ, വ്യാവസായിക ആവശ്യത്തിനുള്ള സ്ഫോടകവസ്തുക്കൾ, ഇലക്ട്രോണിക്സ്, വിമാനനിർമ്മാണ വ്യവസായം, ഔഷധ നിർമ്മാണ വ്യവസായം എന്നിവ ഒഴികെയുള്ള മറ്റെല്ലാ വ്യാവസായിക ഉൽപന്നങ്ങൾക്കും അനുമതിപത്ര സംവിധാനം ഒഴിവാക്കി. രാജ്യരക്ഷാ ഉപകരണങ്ങളുടെ നിർമ്മാണം, ആണവ ഊർജ്ജ ഉൽപാദനം, റെയിൽ ഗതാഗതം എന്നീ വ്യവസായങ്ങൾ മാത്രമാണ് പൊതുമേഖലക്കായി സംവരണം ചെയ്തത്. ചെറുകിട വ്യവസായ മേഖലയിൽ മാത്രം ഉൽപാദിപ്പിച്ചിരുന്ന ഒട്ടേറെ വ്യാവസായിക ഉൽപന്നങ്ങളുടെ സംവരണം ഗവൺമെന്റ് ഇല്ലാതാക്കി. ഒട്ടേറെ വ്യവസായങ്ങളിൽ ഉൽപന്നങ്ങളുടെ വില നിർണയിക്കാൻ വിപണിയെ കൂടി അനുവദിച്ചു.

## ധനകാര്യമേഖലാ പരിഷ്കാരങ്ങൾ (Financial Sector Reforms):

വാണിജ്യബാങ്കുകൾ (Commercial Banks), നിക്ഷേപ ബാങ്കുകൾ, (Investment Banks) ഓഹരി വിപണി ഇടപാടുകൾ (Stock Exchange Operations), വിദേശ വിനിമയ കമ്പോളം (Foreign Exchange Market) തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളാണ് ധനകാര്യമേഖലയിലുള്ളത്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയാണ് (RBI) നമ്മുടെ രാജ്യത്തെ ധനകാര്യമേഖലയെ നിയന്ത്രിക്കുന്നത്. നിങ്ങൾക്കറിയുന്നതുപോലെ, ഇന്ത്യയിലെ എല്ലാ ബാങ്കുകളെയും, മറ്റ് ധനകാര്യ സ്ഥാപനങ്ങളെയും വിവിധ നിയമങ്ങളിലൂടെയും നടപടികളിലൂടെയും റിസർവ് ബാങ്ക് നിയന്ത്രിക്കുന്നു. ഓരോ ബാങ്കും കൈവശം വയ്ക്കേണ്ടുന്ന പണത്തിന്റെ അളവ്, ചുമത്തേണ്ട പലിശനിരക്കുകൾ, വിവിധ മേഖലകൾക്കുള്ള വായ്പാ രീതികൾ മുതലായവയെല്ലാം റിസർവ് ബാങ്ക് തീരുമാനിക്കുന്നു. ധനകാര്യ മേഖലയുടെ നിയന്ത്രകൻ (Controller) എന്ന സ്ഥാനത്തുനിന്നും സഹായകൻ (Facili-

tator) എന്ന തലത്തിലേക്ക് റിസർവ് ബാങ്കിന്റെ ചുമതലകളെ മാറ്റുക എന്നത് ധനകാര്യ മേഖലാ പരിഷ്കാരങ്ങളിലെ പ്രധാനപ്പെട്ട ഒന്നായിരുന്നു. അതായത്, റിസർവ് ബാങ്കുമായി കൂടിയാലോചിക്കാതെ തന്നെ ധനകാര്യമേഖലയ്ക്ക് സ്വതന്ത്രമായി തീരുമാനമെടുക്കാനുള്ള അവകാശം നൽകിയിരുന്നു.

പരിഷ്കാരനയത്തിന്റെ ഫലമായി നിരവധി സ്വകാര്യ ബാങ്കുകൾ (ഇന്ത്യൻ ബാങ്കുകളും, വിദേശബാങ്കുകളും) നിലവിൽവന്നു. ബാങ്കുകളിലെ വിദേശനിക്ഷേപപരിധി 50 ശതമാനത്തോളം ഉയർത്തിക്കൊണ്ടുവന്നു. റിസർവ് ബാങ്കുമായി കൂടിയാലോചിക്കാതെ തന്നെ ചില വ്യവസ്ഥകൾക്ക് വിധേയമായി പുതിയ ബ്രാഞ്ചുകൾ തുടങ്ങാനുള്ള അനുമതി ബാങ്കുകൾക്ക് നൽകുകയും, നിലവിലുള്ള ബ്രാഞ്ചുകൾക്ക് യുക്തിസഹമായ പ്രവർത്തനാനുമതി നൽകുകയും ചെയ്തു. രാജ്യത്തിനകത്തു നിന്നും പുറത്തുനിന്നും വിഭവങ്ങൾ ശേഖരിക്കാനുള്ള അനുമതി ബാങ്കുകൾക്ക് നൽകിയിരുന്നെങ്കിലും, രാജ്യത്തിന്റെയും, ബാങ്കുകളിലെ നിക്ഷേപകരുടെയും താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി ചില ഭരണനിർവഹണ അധികാരങ്ങൾ റിസർവ് ബാങ്കിൽ തന്നെ നിലനിർത്തി. വിദേശ നിക്ഷേപ കരായ സ്ഥാപനങ്ങൾ (Foreign Insistutional Investors) വ്യാപാര ബാങ്കുകൾ (Merchant Banks), മ്യൂച്ചൽ ഫണ്ടുകൾ (Mutual Funds), പെൻഷൻ ഫണ്ടുകൾ (Pension Funds) എന്നിവയ്ക്ക് ഇന്ത്യൻ മൂലധന വിപണിയിൽ നിക്ഷേപിക്കാൻ അനുമതി നൽകി.

**നികുതി പരിഷ്കാരങ്ങൾ (Tax Reforms):**

സർക്കാറിന്റെ നികുതിവ്യവസ്ഥ, പൊതു ചെലവ് എന്നിവയുമായി ബന്ധപ്പെട്ടതാണ് നികുതി പരിഷ്കാരങ്ങൾ. ഈ നയങ്ങളെ ഒരുമിച്ച് പറയുന്നതാണ് ധനനയം (Fiscal policy). രണ്ടു തരം നികുതികളാണ് ഉള്ളത്. പ്രത്യക്ഷനികുതിയും, (Direct taxes) പരോക്ഷ നികുതിയും. (Indirect taxes) വ്യക്തികളുടെ വരുമാനത്തിലും, കമ്പനികളുടെ ലാഭത്തിലും ചുമത്തുന്നത് പ്രത്യക്ഷ നികുതിയാണ്. 1991 മുതൽ വ്യക്തിഗത ആദായനികുതി തുടർച്ചയായി കുറച്ചു കൊണ്ടുവന്നു. നികുതിവെട്ടിപ്പ് വർദ്ധിക്കാനുള്ള പ്രധാന കാരണം ഉയർന്ന നികുതിനിരക്കാണ് എന്നതുകൊണ്ടായിരിക്കാം നികുതി നിരക്ക് കുറച്ചത്. നികുതി നിരക്ക് മിതമാകുന്നതോടു കൂടി ജനങ്ങളുടെ സമ്പാദ്യശീലം വർദ്ധിക്കുമെന്നും, സമ്പാദ്യം സ്വമേധയാ വെളിപ്പെടുത്തുമെന്നും പൊതുവേ കണക്കാക്കപ്പെടുന്നു. മുമ്പ് ഉയർന്ന തോതിലായിരുന്ന കമ്പനി നികുതി (Corporat Tax) നിരക്ക് പിന്നീട് ക്രമേണ കുറച്ചു കൊണ്ടുവന്നു. സാധനങ്ങൾക്കു മേൽ ചുമത്തുന്ന നികുതിയായ പരോക്ഷനികുതിയിലും (Indirect tax) പരിഷ്കരണം കൊണ്ടുവന്നു. സാധനങ്ങളുടെ പൊതുവായ ഒരു ദേശീയ കമ്പോളം സ്ഥാപിക്കുക എന്നതായിരുന്നു ഇതിന്റെ പ്രധാന ലക്ഷ്യം. ഈ മേഖലയിലെ പരിഷ്കാരത്തിന്റെ മറ്റൊരു ഘടകം നടപടിക്രമങ്ങൾ ലഘൂകരിക്കലായിരുന്നു. നികുതി ഒടുക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലഘൂകരിക്കുകയും നികുതി നിരക്ക് കുറയ്ക്കുകയും ചെയ്തു.

## വിദേശ വിനിമയ പരിഷ്കാരങ്ങൾ (Foreign Exchange Reforms)

വിദേശകാര്യ മേഖലയിലെ പ്രധാനപ്പെട്ട ആദ്യത്തെ പരിഷ്കാരം ഉണ്ടായത് വിദേശ വിനിമയ വിപണിയിലാണ്. അടവ് ശിഷ്ട പ്രതിസന്ധിക്ക് (Balance of payment crisis) ഉടനടി പരിഹാരം കാണാനാണ് 1991-ൽ വിദേശ കറൻസിയുമായി താരതമ്യം ചെയ്ത് ഇന്ത്യൻ കറൻസിയുടെ മൂല്യം കുറച്ചത്. (Devaluation). ഇതിന്റെ ഫലമായി വിദേശ നാണ്യം ഇന്ത്യയിലേക്ക് കൂടുതൽ പ്രവഹിച്ചു. കൂടാതെ വിനിമയ നിരക്ക് റിസർവ് ബാങ്ക് നിയന്ത്രണത്തിൽ നിന്നും മാറി വിദേശ വിനിമയ വിപണി തീരുമാനിക്കുന്ന തലത്തിലേക്ക് എത്തിച്ചേർന്നു. അതായത് ഇന്ത്യയിലെ രൂപയുടെ വിനിമയനിരക്ക്, വിദേശ നാണ്യത്തിന്റെ ചോദനത്തെയും പ്രദാനത്തേയും (Demand & Supply) ആശ്രയിച്ച് തീരുമാനിക്കാൻ തുടങ്ങി.

## വ്യാപാര നിക്ഷേപ നയപരിഷ്കാരങ്ങൾ (Trade and Investment Policy Reforms)

ഇന്ത്യൻ വ്യാവസായിക ഉൽപാദനത്തിൽ അന്താരാഷ്ട്ര മത്സരക്ഷമത വർധിപ്പിക്കുക, നമ്മുടെ രാജ്യത്തേക്കുള്ള വിദേശ നിക്ഷേപത്തേയും സാങ്കേതിക വിദ്യയേയും പ്രോത്സാഹിപ്പിക്കുക. പ്രാദേശിക വ്യവസായങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക, ആധുനിക സാങ്കേതികവിദ്യ സ്വീകരിക്കുക എന്നിവയാണ് വ്യാപാര-നിക്ഷേപ മേഖലാ, പരിഷ്കാരം പ്രധാനമായും ലക്ഷ്യമാക്കിയിരുന്നത്.

തദ്ദേശീയ വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ഇറക്കുമതി ചെയ്യുന്ന സാധനങ്ങളിൽ അളവുപരമായ നിയന്ത്രണം (Quantitative Restrictions) ഇന്ത്യാഗവൺമെന്റ് വരുത്തിയിരുന്നു. ഇറക്കുമതിയെ കർശനമായി നിയന്ത്രിച്ചു കൊണ്ടും, ഉയർന്ന ഇറക്കുമതി ചുങ്കം നിലനിർത്തിയുമാണ് ഇങ്ങനെ ചെയ്തത്. ഈ നയം നമ്മുടെ വ്യവസായ മേഖലയുടെ കാര്യക്ഷമതയും മത്സരക്ഷമതയും കുറച്ചു. അതുവഴി വ്യാവസായിക മേഖലയുടെ (Manufacturing sector) വളർച്ചാനിരക്ക് കുറഞ്ഞ തോതിലായി. വ്യാപാരപരിഷ്കാരങ്ങൾ ലക്ഷ്യമിട്ടത്:

(i) ഇറക്കുമതിയിലും കയറ്റുമതിയിലും ഉള്ള അളവുപരമായ നിയന്ത്രണങ്ങൾ ഇല്ലാതാക്കുക.

(ii) ഇറക്കുമതിചുങ്ക നിരക്ക് (tariff rate) കുറച്ചു കൊണ്ടുവരിക.

(iii) ഇറക്കുമതിക്കാവശ്യമായ അനുമതി നൽകൽ നടപടികൾ ഒഴിവാക്കുക. അപകടകരവും പരിസ്ഥിതിക്ക് പ്രശ്നമുണ്ടാക്കുന്നതുമായ വ്യവസായങ്ങൾക്കൊഴികെ മറ്റെല്ലാ വ്യവസായങ്ങൾക്കും ഇറക്കുമതി അനുമതിപത്രം ഇല്ലാതാക്കി. 2001 ഏപ്രിൽ മുതൽ ഇറക്കുമതി ചെയ്യുന്ന എല്ലാ വ്യാവസായിക ഉപഭോഗ ഉൽപന്നങ്ങളുടേയും കാർഷികഉൽപന്നങ്ങളുടേയും അളവു നിയന്ത്രണം പൂർണമായും ഇല്ലാതാക്കി. അന്താരാഷ്ട്ര വിപണിയിൽ ഇന്ത്യൻ ഉൽപന്നങ്ങളുടെ മത്സരശേഷി വർദ്ധിപ്പിക്കുന്നതിന് കയറ്റുമതി ചുങ്കം (Export duty) പൂർണമായും ഒഴിവാക്കി.

## പഠനപ്രവർത്തനങ്ങൾ

- ദേശസാൽകൃത ബാങ്ക്, സ്വകാര്യ ബാങ്ക്, സ്വകാര്യ വിദേശ ബാങ്ക്, വിദേശസ്ഥാപന നിക്ഷേപകർ (FII), മ്യൂച്ചൽ ഫണ്ട് എന്നിവയുടെ ഓരോ ഉദാഹരണം എടുത്തെഴുക. രക്ഷിതാവിനൊപ്പം പരിസരത്തുള്ള ഒരു ബാങ്ക് സന്ദർശിക്കുക. ബാങ്കിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുക. അത് നിങ്ങളുടെ സഹപാഠികളുമായി ചർച്ചചെയ്ത് ഒരു ചാർട്ട് തയ്യാറാക്കുക. താഴെപ്പറയുന്നവയെ പ്രത്യക്ഷ, പരോക്ഷ നികുതികൾ ആയി തരം തിരിക്കുക.
- വില്പന നികുതി, കസ്റ്റംസ് തീരുവ, സ്വത്തു നികതി (Property tax), ഡെത്ത് ഡ്യൂട്ടി (Death duty), വാറ്റ്, ആദായനികുതി (Income tax).
- നിങ്ങളുടെ രക്ഷിതാക്കൾ നികുതി അടയ്ക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എന്തിനാണ് അവർ ഇതു ചെയ്യുന്നത്? എങ്ങനെയാണ് നികുതി അടയ്ക്കുന്നത്.?
- വിദേശത്തേക്ക് പണം അടയ്ക്കുന്നതിനു വേണ്ടി രാജ്യങ്ങൾ കാലങ്ങളോളം സ്വർണ്ണവും വെള്ളിയും കരുതലായി സൂക്ഷിച്ചിരുന്നു എന്ന് നിങ്ങൾക്കറിയാമോ? ഏതു രൂപത്തിലാണ് നമ്മുടെ വിദേശവിനിമയ ശേഖരം സൂക്ഷിച്ചിരിക്കുന്നത് എന്ന് കണ്ടെത്തുക. പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, സാമ്പത്തിക സർവ്വേ എന്നിവയിലൂടെ നമ്മുടെ രാജ്യത്തെ ഇപ്പോഴത്തെ വിദേശവിനിമയ ശേഖരം എത്രയെന്ന് കണ്ടെത്തുക. കൂടാതെ താഴെപ്പറയുന്ന രാജ്യങ്ങളുടെ കറൻസി ഏതെന്നും രൂപയുമായുള്ള വിനിമയ നിരക്ക് എത്രയെന്നും എഴുതുക.

.

| രാജ്യം | കറൻസി | ഇന്ത്യൻ രൂപയിൽ ഒരു യൂണിറ്റ് വിദേശ നാണ്യത്തിന്റെ മൂല്യം |
|---|---|---|
| യു.എസ് എ | | |
| യു.കെ | | |
| ജപ്പാൻ | | |
| ചൈന | | |
| കൊറിയ | | |
| സിങ്കപ്പൂർ | | |
| ജർമ്മനി | | |

## 3.4 സ്വകാര്യവൽക്കരണം (Privatisation)

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉടമസ്ഥാവകാശമോ നിർവ്വഹണ ചുമതലയോ സ്വകാര്യ മേഖലക്ക് കൈമാറുക എന്നതാണ് സ്വകാര്യവൽക്കരണം കൊണ്ട് ഉദ്ദേശിക്കുന്നത്. ഗവൺമെന്റ് കമ്പനികളെ രണ്ടു രീതിയിലാണ് സ്വകാര്യ കമ്പനികളാക്കി മാറ്റുന്നത്.

(i) പൊതുമേഖലാസ്ഥാപനങ്ങളുടെ ഉടമസ്ഥാവകാശം, നിർവഹണച്ചുമതല എന്നിവയിൽ നിന്നും ഗവൺമെന്റ് പിൻവാങ്ങുക.

(ii) പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യമേഖലയ്ക്കു വിൽക്കുക.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ ഭാഗികമായി സ്വകാര്യമേഖലയ്ക്ക് വിൽക്കുന്നതിനെ മൂലധന നിക്ഷേപ സ്വകാര്യവൽക്കരണം (Disinvestment) എന്നാണ് പറയുന്നത്. സാമ്പത്തിക അച്ചടക്കവും, ആധുനികവൽക്കരണവും കൊണ്ടുവരിക എന്നതായിരുന്നു ഓഹരി വിൽപ്പനയിലൂടെ സർക്കാർ ലക്ഷ്യമിട്ടത്. സ്വകാര്യമൂലധനം, മികച്ച മാനേജ്മെൻറ് എന്നിവയെ പൊതുമേഖലയുടെവികസനത്തിനായി വേണ്ട രൂപത്തിൽ ഉപയോഗിക്കുക എന്നതും വിഭാവനം ചെയ്തിരുന്നു. കൂടാതെ രാജ്യത്തേക്കുള്ള നേരിട്ടുള്ള വിദേശ നിക്ഷേപത്തിന്റെ ഒഴുക്ക് വർദ്ധിപ്പിക്കാൻ സ്വകാര്യവൽക്കരണം പ്രചോദനമാകും എന്നും ഗവൺമെന്റ് കണക്കാക്കിയിരുന്നു.

പൊതുമേഖലയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് മാനേജ്മെൻറ് സംബന്ധമായ തീരുമാനമെടുക്കാൻ ഇവക്ക് സ്വയംഭരണാധികാരം നൽകി. ഉദാഹരണത്തിന് ചില പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മഹാരത്നങ്ങൾ, നവരത്നങ്ങൾ, മിനിരത്നങ്ങൾ എന്നീ പ്രത്യേക പദവികൾ നൽകുകയുണ്ടായി. (ബോക്സ് 3.1 കാണുക).

**ബോക്സ് 3.1 നവരത്ന കമ്പനികളും പൊതുമേഖലാ നയങ്ങളും**

വിക്രമാദിത്യരാജാവിന്റെ കൊട്ടാരത്തിൽ കലയിലും സാഹിത്യത്തിലുമൊക്കെ പ്രഗത്ഭരായ 9 പേരെ കുറിച്ച് (നവരത്നങ്ങൾ) നിങ്ങൾ കേട്ടിരിക്കുമല്ലോ? കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും തൊഴിൽപരമായ കഴിവ് സൃഷ്ടിക്കുന്നതിനും ഉദാരവൽക്കരണ കാലഘട്ടത്തിൽ കൂടുതൽ ഫലപ്രദമായി മത്സരിക്കുന്നതിനും വേണ്ടി പൊതുമേഖലാസ്ഥാപനങ്ങളെ മഹാരത്നങ്ങൾ, നവരത്നങ്ങൾ, മിനി രത്നങ്ങൾ എന്നിങ്ങനെ ഗവൺമെന്റ് പ്രഖ്യാപിച്ചു. ഈ സ്ഥാപനങ്ങൾക്ക് കൂടുതൽ ഭരണനിർവഹണ ചുമതലയും, സ്വയംഭരണാധികാരവും നൽകി. ഇത് പ്രധാനമായും സ്ഥാപനത്തിന്റെ ഫലപ്രദമായ നടത്തിപ്പിന് ആവശ്യമായ തീരുമാനങ്ങൾ എടുക്കുന്നതിനും, ലാഭം വർദ്ധിപ്പിക്കുന്നതിനും വേണ്ടിയായിരുന്നു. കൂടുതൽ ലാഭമുണ്ടാക്കുന്ന മിനിരത്ന കമ്പനികൾക്ക് പ്രവർത്തനകാര്യങ്ങളിലും, സാമ്പത്തിക കാര്യങ്ങളിലും, ഭരണനിർവഹണ കാര്യങ്ങളിലും കൂടുതൽ സ്വയംഭരണാധികാരം നൽകി.

2011 ൽ ഏതാണ്ട് 90ഓളം കമ്പനികൾക്ക് വിവിധ പദവികൾ നൽകി. ചില ഉദാഹരണങ്ങൾ താഴെ നൽകുന്നു .

(i) മഹാരത്ന കമ്പനികൾ (a) ഇന്ത്യൻഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് (IOC), (b) സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ് (SAIL)

(ii) നവരത്നകമ്പനികൾ (a) ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ് (BHEL) (b) മഹാനഗർ ടെലഫോൺ നിഗം ലിമിറ്റഡ് (MTNL)

(iii) മിനി രത്നകമ്പനികൾ (a) ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ് (BSNL), (b) എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ (AA I), (c) ഇന്ത്യൻ റെയിൽവേ കാറ്ററിങ് ആൻഡ് ടൂറിസം കോർപ്പറേഷൻ ലിമിറ്റഡ് (IRCTC)

മേൽപ്പറഞ്ഞവയിൽ ലാഭകരമായ കൂടുതൽ സ്ഥാപനങ്ങളും 1950-കളിലും 60-കളിലും രൂപംകൊണ്ടവയാണ്. സ്വയംപര്യാപ്തത, അടിസ്ഥാനസൗകര്യ വികസനം, നേരിട്ടുള്ള തൊഴിൽ നൽകൽ എന്നീ പൊതുനയങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ സ്ഥാപനങ്ങൾ തുടങ്ങിയത്. അതുകൊണ്ടുതന്നെ കുറഞ്ഞവിലയിൽ ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ജനങ്ങളിലേക്കെത്തിക്കാൻ ഈ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിരുന്നു. കൂടാതെ കമ്പനി അതിന്റെ ഓഹരി ഉടമകളോട് കൂടുതൽ ഉത്തരവാദപ്പെട്ടവരായി മാറി.

ഈ പദവി നൽകിയതോടുകൂടി പൊതുമേഖലാ സ്ഥാപനങ്ങൾ മെച്ചപ്പെട്ട പ്രകടനം കാഴ്ച വെച്ചു. പൊതുമേഖലാസ്ഥാപനങ്ങളെ വികസിപ്പിച്ച് ലോകനിലവാരത്തിലേക്ക് എത്തിക്കുന്നതിനുപകരം ഓഹരി വിൽപ്പനയിലൂടെ ഈ കമ്പനികളെ ഭാഗികമായി സ്വകാര്യവൽക്കരിക്കുകയാണ് ചെയ്തത് എന്ന് ചില പണ്ഡിതർ ആരോപിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്താൻ അടുത്തകാലത്ത് ഗവൺമെന്റ് തീരുമാനിച്ചിരുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ സ്വയം വളർന്നു ലോകനിലവാരത്തിൽ ആവാനും മൂലധന വിപണിയിൽ നിന്നും ആവശ്യമായ ധനം സ്വയം കണ്ടെത്താനും ഗവൺമെന്റ് തീരുമാനിച്ചിരുന്നു.

## 3.5 ആഗോളവൽക്കരണം (Globalisation)

രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥ ആഗോള സമ്പദ്‌വ്യവസ്ഥയുമായി സമന്വയിപ്പിക്കുന്നതിനെയാണ് ആഗോളവൽക്കരണം കൊണ്ട് സാധാരണയായി അർത്ഥമാക്കുന്നത് എങ്കിലും ഇത് വളരെ സങ്കീർണ്ണമായ ഒരു പ്രതിഭാസമാണ്. ലോകത്തെ കൂടുതൽ പരസ്പരാശ്രയത്വമുള്ളതായും കൂട്ടിച്ചേർക്കുന്നതുമായ നയങ്ങളുടെ പരിണതഫലമാണ് ആഗോളവൽക്കരണം. സാമ്പത്തികവും, സാമൂഹികവും, ഭൂമിശാസ്ത്രപരവുമായ അതിരുകളില്ലാത്ത പ്രവർത്തന ശൃംഖലകൾ സൃഷ്ടിക്കലാണ് ഇതിലുള്ളത്. ആഗോളവൽക്കരണത്തിന്റെ ഭാഗമായി പുറംരാജ്യങ്ങളിൽ സംഭവിക്കുന്ന മാറ്റങ്ങളുടെ ഓളങ്ങൾ നമ്മുടെരാജ്യത്തേക്കും എത്തിച്ചേരുന്നു. തൽഫലമായി അതിരു

### പഠന പ്രവർത്തനങ്ങൾ

- പൊതുമേഖലയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള സ്വകാര്യവൽക്കരണത്തിന്റെ അലയടിയാണ് മൂലധന നിക്ഷേപ സ്വകാര്യ വൽക്കരണം എന്ന് പണ്ഡിതർക്കിടയിൽ ഒരഭിപ്രായമുണ്ട്. എന്നാൽ പൊതുമുതൽ മുഴുവൻ നിക്ഷിപ്ത താൽപര്യത്തിനുവേണ്ടി വിറ്റഴിക്കുകയാണ് എന്ന അഭിപ്രായവും നിലവിലുണ്ട്. നിങ്ങൾ എന്താണ് കരുതുന്നത്?
- വർത്തമാന പത്രത്തിൽ നിന്നും നവരത്ന കമ്പനികളെ കുറിച്ച് ഏതാണ്ട് പതിനഞ്ചോളം വാർത്താശകലങ്ങൾ ഉള്ള പോസ്റ്റർ തയ്യാറാക്കുക. കൂടാതെ ഇവയുടെ മുദ്രകളും പരസ്യങ്ങളും കൂടി ശേഖരിച്ച് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും ക്ലാസ് മുറികളിൽ ചർച്ച ചെയ്യുകയും ചെയ്യുക.
- നഷ്ടത്തിലോടുന്ന പൊതുമേഖലാ കമ്പനികളെ മാത്രമാണ് സ്വകാര്യവൽക്കരിക്കേണ്ടതെന്ന് നിങ്ങൾ കരുതുന്നുവോ? എന്തുകൊണ്ട്?
- പൊതുബജറ്റിൽ നിന്നാണ് പൊതുമേഖലയുടെ നഷ്ടങ്ങൾ നികത്തേണ്ടത്. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ചർച്ചചെയ്യുക.

കളില്ലാത്ത ഏകലോകമായിമാറുന്ന അവസര സംജാതമാകുന്നു.

**പുറംപണിക്കരാർ (Outsourcing):**

ആഗോളവൽക്കരണത്തിന്റെ പ്രധാന ഫലങ്ങളിലൊന്നാണ് പുറംപണിക്കരാർ. ഒരു കമ്പനിക്ക് മുൻകാലങ്ങളിൽ രാജ്യത്തിനകത്തുനിന്നുതന്നെ നൽകപ്പെട്ടിരുന്ന സേവനങ്ങൾ (നിയമോപദേശം, കമ്പ്യൂട്ടർ സേവനം, പരസ്യം, സുരക്ഷ, തുടങ്ങിയ കമ്പനിയുടെ അതാത് വിഭാഗങ്ങളാണ് നൽകിയിരുന്നത്). ഇപ്പോൾ പുറത്തുനിന്നും, പ്രത്യേകിച്ച് വിദേശരാജ്യങ്ങളിൽ നിന്നും സ്വീകരിക്കുന്നു. വാർത്താവിനിമയ ബന്ധത്തിലുണ്ടായ വലിയ വികസനം, പ്രത്യേകിച്ചും വിവരസാങ്കേതിക വിദ്യയുടെ വികസനം ഒരു സാമ്പത്തിക പ്രവർത്തനം എന്ന നിലയിൽ പുറംപണിക്കരാറിനെ അടുത്തകാലത്തായി കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. ശബ്ദാധിഷ്ഠിത ബിസിനസ് പ്രക്രിയകൾ (Voice based business) (പൊതുവെ പറയുന്ന പേര് കാൾ സെന്ററുകൾ), രേഖകൾ സൂക്ഷിക്കൽ, അക്കൗണ്ടൻസി, ബാങ്കുകളുടെ സേവനങ്ങൾ, സംഗീത റെക്കോർഡിങ്, സിനിമഎഡിറ്റിംഗ്, പുസ്തകംപകർത്തി എഴുതൽ, ചികിത്സ സംബന്ധമായ ഉപദേശങ്ങൾ, അധ്യാപനം തുടങ്ങിയ സേവനങ്ങൾ വികസിതരാജ്യങ്ങളിലെ കമ്പനികൾ ഇന്ത്യയിൽ നിന്നും പുറംകരാർ പണി പ്രകാരം വാങ്ങുന്നു അഥവാ ചെയ്യിപ്പിക്കുന്നു. ഈ സേവനങ്ങളുമായി ബന്ധപ്പെട്ട വാചകങ്ങൾ, ചിത്രങ്ങൾ, ശബ്ദങ്ങൾ എന്നിവ സംഖ്യാ (digitised) രൂപത്തിലാക്കി ആധുനിക വാർത്താവിനിമയ സംവിധാനമായ ഇന്റർനെറ്റിന്റെ

**ബോക്സ് 3.2 ആഗോള പാദമുദ്ര**

ആഗോളവൽക്കരണം മൂലം കുറെയേറെ ഇന്ത്യൻ കമ്പനികൾ അവരുടെ ശാഖകൾ വിദേശങ്ങളിലേക്ക് വ്യാപിപ്പിച്ചിട്ടുണ്ട് എന്ന് കണ്ടെത്താൻ കഴിയും. ലോകത്തെ അതിശയിപ്പിച്ചുകൊണ്ട് 2000-ത്തിൽ ടാറ്റാ ചായ കമ്പനി 1870 കോടിരൂപയുടെ നിക്ഷേപം ബ്രിട്ടനിൽ നടത്തി, ടെറ്റ്ലി എന്ന ചായ കമ്പനി സ്വന്തമാക്കി. 2004-ൽ ടാറ്റാ സ്റ്റീൽ കമ്പനി സിംഗപ്പൂർ അടിസ്ഥാനമായ നാറ്റ് സ്റ്റീൽ (Nat Steel) കമ്പനി 1245 കോടി രൂപയ്ക്ക് വാങ്ങി. കൂടാതെ തെക്കൻ കൊറിയയിലെ വൻവാണിജ്യ വാഹനങ്ങൾ നിർമ്മിക്കുന്ന കമ്പനിയായ ദേവുവിന്റെ (Daewoo) കൂടുതൽ ഓഹരികൾ ടാറ്റാ മോട്ടോർസ് 448 കോടി രൂപയ്ക്ക് വാങ്ങി കമ്പനിയുടെ നിയന്ത്രണം ഏറ്റെടുത്തു. കടലിനടിയിലുള്ള ടൈക്കോസിന്റെ (Tycos ) കേബിൾ നെറ്റ് വർക്ക് ഇപ്പോൾ 572 കോടി രൂപയ്ക്ക് VSNL നേടുകയുണ്ടായി. മൂന്ന് ഭൂഖണ്ഡങ്ങളിലായി 60,000 കിലോമീറ്റർ ദൂരത്തിൽ കടലിനടിയിലൂടെയുള്ള കേബിൾ ശൃംഖലയുടെ ഉടമസ്ഥരാണ് ടൈക്കോ കമ്പനി. ബംഗ്ലാദേശിലെ രാസവളം, സ്റ്റീൽ, ഊർജനിലയം എന്നിവയിൽ 8800 കോടി രൂപയുടെ നിക്ഷേപം നടത്താൻ ടാറ്റാ കമ്പനി ഉദ്ദേശിക്കുന്നുണ്ട്.

*ഉറവിടം: ബിസിനസ് ടുഡെ, 22 മെയ് 2005*

സഹായത്തോടെ മറ്റു രാജ്യങ്ങളിലേക്കും ഭൂഖണ്ഡങ്ങളിലേക്കും സംപ്രേഷണം ചെയ്യപ്പെടുന്നു. വൈദഗ്ധ്യമേറിയ സൂക്ഷ്മതയോടുകൂടിയ മനുഷ്യശേഷി വിഭവങ്ങൾ (man power), കുറഞ്ഞ വേതനം എന്നിവ മൂലം മിക്കവാറും ബഹുരാഷ്ട്ര കമ്പനികളും, ചെറിയ കമ്പനികളും അവരുടെ സേവനങ്ങൾ പുറംകരാർപണിയിലൂടെ ഇന്ത്യക്ക് നൽകുന്നു. കുറഞ്ഞ വേതനനിരക്ക്, വിദഗ്ദ്ധതൊഴിലാളികളുടെ ലഭ്യത എന്നിവ സാമ്പത്തിക പരിഷ്കരണത്തിനു ശേഷമുള്ള കാലഘട്ടത്തിൽ പുറംകരാർ പണിയുടെ ഒരു ആഗോള കേന്ദ്രമായി ഇന്ത്യയെ മാറ്റിയിരിക്കുന്നു.

## ലോക വ്യാപാര സംഘടന (World Trade Organisation WTO)

ഗാട്ട് എന്ന സംഘടനയുടെ (General Agreement on Tariff and Trade-GATT) പിൻഗാമിയായി 1995ലാണ് ലോകവ്യാപാര സംഘടന നിലവിൽവന്നത്. വ്യാപാര



ചിത്രം. 3.1 പുറംകരാർ. വിലിയ പട്ടണങ്ങളിലെ പുതിയ തൊഴിലവസരങ്ങൾ

## പഠന പ്രവർത്തനങ്ങൾ

- ആഗോളവൽക്കരണം ഒരു ഭീഷണിയാണ്. അത് ഗവൺമെന്റിന്റെ വിവിധ മേഖലകളിലുള്ള പങ്ക് കുറയ്ക്കുന്നു എന്ന് ചില പണ്ഡിതർ വാദിക്കുന്നുണ്ട്. എന്നാൽ ആഗോളവൽക്കരണം വിപണികളെ തുറന്നിടുകയും മത്സരിക്കാനും നിയന്ത്രിക്കാനുമുള്ള അവസരങ്ങൾ നൽകുകയും ചെയ്യുന്നു എന്ന എതിർവാദങ്ങളും ഉണ്ട്. ഇതുമായി നിങ്ങളുടെ ക്ലാസ് മുറിയിൽ ഒരു സംവാദം സംഘടിപ്പിക്കുക .
- ഇപ്പോൾ സാധാരണയായി സംഭവിച്ചുകൊണ്ടിരിക്കുന്ന ചിലതിനെക്കുറിച്ച് ഒരു വർത്തമാന പത്രത്തിൽ വന്നത് താഴെക്കൊടുത്തിരിക്കുന്നു. ഇതിനെ ഉദ്ധരിക്കുക.
- ഇന്ത്യയിൽ ബിപിഒ (BPO) സേവനങ്ങൾ നടത്തുന്ന 5 കമ്പനികളുടെ ലിസ്റ്റ് അടങ്ങുന്ന ഒരു ചാർട്ട് തയ്യാറാക്കുക. അതിന്റെ വിറ്റുവരവും (Turn over ) ചേർക്കുക.
- കാലത്ത് 7 മണിക്ക് തൊട്ടുമുമ്പ് ഗ്രീഷ്മ ഹെഡ്സെറ്റുമായി അവളുടെ കമ്പ്യൂട്ടറിന് മുന്നിൽ ഇരുന്ന് ഉച്ചാരണ ശുദ്ധിയോടെ ഇംഗ്ലീഷിൽ പറഞ്ഞു "ഹലോ ഡാനിയേൽ." നിമിഷങ്ങൾക്കകം അവൾക്ക് മറുപടി ലഭിച്ചു. "ഹലോ ഗ്രീഷ്മാ" "കുശല സംഭാഷണത്തിനുശേഷം ഗ്രീഷ്മ പറഞ്ഞു" ഇന്ന് നമുക്ക് സർവ്വനാമങ്ങളെ കുറിച്ച് പഠിക്കാം. ഗ്രീഷ്മ 22 വയസ്സ്, കൊച്ചിയിലും, ഗ്രീഷ്മയുടെ വിദ്യാർത്ഥിനിയായ ഡാനിയേൽ 13 വയസ്സ്, കാലിഫോർണിയയിലെ മാലിബുവിലുള്ള അവളുടെ വീട്ടിലും എന്നതിൽ കവിഞ്ഞൊന്നും അസാധാരണമായി ഈ സംഭാഷണത്തിലില്ല. ഡാനിയേലയുടെ ടെസ്റ്റ് ബുക്ക് മുന്നിൽ വെച്ചുകൊണ്ട് ഇന്റർനെറ്റിന്റെ സഹായത്തോടെ നാമത്തിന്റെയും, നാമവിശേഷണത്തിന്റെയും, ക്രിയകളുടെയും സങ്കീർണതകൾ ആ കൗമാരക്കാരിക്ക് വിശദീകരിച്ചു കൊടുക്കുന്നു. മലയാളം സംസാരിച്ചുകൊണ്ട് വളർന്ന ഗ്രീഷ്മയാണ് ഇംഗ്ലീഷ് വ്യാകരണങ്ങളും ഭാഷയും അമേരിക്കക്കാരിയായ ഡാനിയേലയെ പഠിപ്പിക്കുന്നത്.
- ഇത് എങ്ങനെയാണ് സാധ്യമാകുന്നത്? എന്തുകൊണ്ടാണ് ഡാനിയേലക്ക് അവളുടെ സ്വന്തം നാട്ടിൽ പാഠങ്ങൾ പഠിക്കാൻ കഴിയാത്തത്. നമ്മുടെ മാതൃഭാഷ ഇംഗ്ലീഷ് അല്ലാതിരുന്നിട്ടും ഇംഗ്ലീഷ് പാഠഭാഗങ്ങൾ അവൾ ഇന്ത്യയിൽ നിന്നും പഠിക്കുന്നത് എന്തുകൊണ്ടാണ്?
- ഉദാരവൽക്കരണംകൊണ്ടും, ആഗോളവിപണിയുടെ കൂടിച്ചേരൽ കൊണ്ടും ഇന്ത്യയ്ക്ക് നേട്ടങ്ങൾ ലഭിക്കുന്നു. നിങ്ങൾ യോജിക്കുന്നുണ്ടോ?
- കാൾസെന്ററുകളിലെ ജോലി സറായിയായതാണോ? സറിരവരുമാനം ലഭിക്കുന്നതിന് കാൾസെന്ററുകളിൽ ജോലിചെയ്യുന്നവർക്ക് ഏതുതരത്തിലുള്ള വൈദഗ്ധ്യമാണ് ആവശ്യമായിട്ടുള്ളത്?
- കുറഞ്ഞ വേതനം നിലനിൽക്കുന്നതിനാൽ ഇന്ത്യപോലുള്ള രാജ്യങ്ങളിലേക്ക് ബഹുരാഷ്ട്ര കമ്പനികൾ കുറെയേറെ സേവനങ്ങൾ പുറംപണികരാർ നൽകുന്നു. അങ്ങനെയെങ്കിൽ ഈ കമ്പനികൾ നിലനിൽക്കുന്ന രാജ്യങ്ങളിലെ ജനങ്ങൾക്ക് എന്ത് സംഭവിക്കും? ചർച്ച ചെയ്യുക.

ആവശ്യങ്ങൾക്കായി അന്താരാഷ്ട്ര വിപണിയിൽ എല്ലാ രാജ്യങ്ങൾക്കും തുല്യ അവസരം നൽകി വിവിധ രാജ്യങ്ങളുമായുള്ള വ്യാപാര ഉടമ്പടികൾ നിർവഹിക്കാനാണ് ആഗോള വ്യാപാര സംഘടനയായ ഗാട്ട് 1948 ൽ നിലവിൽ വന്നത്. നിയമാധിഷ്ഠിത വ്യാപാര സംവിധാനം സ്ഥാപിക്കുക എന്നതായിരുന്നു ലോക വ്യാപാരസംഘടന പ്രതീക്ഷിച്ചിരുന്നത്. ഇതിൽ രാജ്യങ്ങൾക്ക് ഏകപക്ഷീയമായ നിയന്ത്രണങ്ങൾ വ്യാപാരത്തിനു മേൽ ഏർപ്പെടുത്താൻ കഴിയില്ല. കൂടാതെ, സേവനങ്ങളുടെ ഉൽപാദനവും വ്യാപാരവും വർദ്ധിപ്പിക്കുക, ആഗോള വിഭവങ്ങളുടെ ഏറ്റവും അനുകൂലമായ ഉപയോഗം, പരിസ്ഥിതി സംരക്ഷണം. എന്നിവയും ലോകവ്യാപാര സംഘടനയുടെ ലക്ഷ്യങ്ങളായിരുന്നു. ഇറക്കുമതി തീരുവ നിയന്ത്രണങ്ങൾ, തീരുവേതര (Nontariff) നിയന്ത്രണങ്ങൾ എന്നിവ ഒഴിവാക്കി കൊണ്ട് സാധനങ്ങളുടേയും സേവനങ്ങളുടേയും അന്താരാഷ്ട്ര വ്യാപാരം രണ്ടു രാജ്യങ്ങളുമായും, വിവിധ രാജ്യങ്ങളു മായും ശക്തിപ്പെടുത്തുക എന്നത് ലോക വ്യാപാര സംഘടനയുടെ ഉടമ്പടിയിലുള്ളതാണ്. കൂടാതെ എല്ലാ അംഗരാജ്യങ്ങൾക്കും കൂടുതൽ വിപണി അവസരങ്ങളും നൽകുന്നു.

വികസ്വര രാജ്യങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനും, അവർക്കു വേണ്ടി നിലകൊള്ളുന്നതിനും, ആഗോള നിയമങ്ങളും നിയന്ത്രണങ്ങളും രൂപീകരിക്കുന്നതിനും ലോകവ്യാപാര സംഘടനയിലെ ഒരു പ്രധാന അംഗരാജ്യമെന്ന നിലയിൽ ഇന്ത്യ എപ്പോഴും മുൻപന്തിയിൽ തന്നെയായിരുന്നു. ലോക വ്യാപാര സംഘടന പറയുന്നതു പോലെ ഇറക്കുമതിക്കുള്ള ക്വാട്ട നിയന്ത്രണങ്ങൾ ഒഴിവാക്കിക്കൊണ്ടും, ഇറക്കുമതിച്ചുങ്കം വെട്ടിക്കുറച്ചുകൊണ്ടും നമ്മുടെ രാജ്യം വ്യാപാര മേഖലയിൽ ഉദാരവൽക്കരണത്തോടുള്ള പ്രതിബദ്ധത നടപ്പിലാക്കി.

**പട്ടിക 3.1**

**വിവിധ മേഖലകളിലെ ജിഡിപി വളർച്ച (ശതമാന കണക്കിൽ)**

| മേഖല | 1980–91 | 1992–2001 | 2002–2007 | 2007–12 | 2012–17 XII പദ്ധതി | |
|---|---|---|---|---|---|---|
| | | | | | ലക്ഷ്യം I | ലക്ഷ്യം I |
| കൃഷി | 3.6 | 3.3 | 2.3 | 3.2 | 4.0 | 4.2 |
| വ്യവസായം | 7.1 | 6.5 | 9.4 | 7.4 | 9.6 | 10.9 |
| സേവനം | 6.7 | 8.2 | 7.8 | 8.2 | 10.0 | 10.0 |
| ആകെ | 5.6 | 6.4 | 7.8 | 8.2 | 9.0 | 9.5 |

***ഉറവിടം:*** പത്താം പഞ്ചവത്സര പദ്ധതി; അതിവേഗത്തിലുള്ളതും, സുസ്ഥിരവും, കൂടുതൽ ഉൾചേർന്നതുമായ വളർച്ച: (more inclusive growth) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിലേക്കുള്ള സമീപനം, ആസൂത്രണ കമ്മീഷൻ, ഇന്ത്യാ ഗവൺമെന്റ് 2011.

അന്താരാഷ്ട്ര വ്യാപാരത്തിന്റെ ഭൂരിഭാഗവും വികസിത രാജ്യങ്ങൾ തമ്മിലായതിനാൽ ലോകവ്യാപാര സംഘടനയിൽ ഇന്ത്യ ഒരു അംഗമെന്നനിലയിൽ തുടരുന്നതിന്റെ സാംഗത്യം ചില പണ്ഡിതർ ചോദ്യം ചെയ്യുന്നുണ്ട്. അവർ വീണ്ടും പറയുന്നു. വികസിത രാജ്യങ്ങൾ കാർഷിക ആവശ്യങ്ങൾക്കായി സബ്സിഡി നൽകുന്നു. അതേ സമയം വികസ്വരരാജ്യങ്ങളിലുള്ള കാർഷിക സബ്സിഡിക്കെതിരെ വികസിത രാജ്യങ്ങൾ ലോകവ്യാപാര സംഘടനയിൽ പരാതി നൽകുന്നു. വികസ്വരരാജ്യങ്ങൾ അവരുടെ വിപണി വികസിതരാജ്യങ്ങൾക്കായി തുറന്നു കൊടുക്കുന്നു. എന്നാൽ, വികസിതരാജ്യങ്ങൾ അവരുടെ വിപണി വികസ്വരരാജ്യങ്ങൾക്കായി തുറന്നുകൊടുക്കുന്നില്ല. ഇതിനാൽ വികസ്വര രാജ്യങ്ങൾ വഞ്ചിക്കപ്പെടുന്നു.



ചിത്രം 3.2 ഇന്ത്യയുടെ കയറ്റുമതിയിൽ വലിയ സംഭാവന നൽകുന്ന ഒന്നാണ് ഐടി വ്യവസായം

## 3.6 പരിഷ്കരണ കാലത്തെപ്പറ്റി ഒരു വിലയിരുത്തൽ (Indian Economy During Reforms: An Assessment)

ഇന്ത്യയിൽ സാമ്പത്തികപരിഷ്കാരം തുടങ്ങിയിട്ട് 25 വർഷം പിന്നിട്ടിരിക്കുന്നു. ഈ കാലഘട്ടത്തിലെ ഇന്ത്യൻസമ്പദ്‌വ്യവസ്ഥയുടെ പ്രകടനങ്ങൾ എന്തെല്ലാമെന്ന് നമുക്ക് നോക്കാം. GDP വളർച്ച നിരക്ക് നോക്കിയാണ് ഒരു രാജ്യത്തിന്റെ സാമ്പത്തിക വളർച്ച അളക്കുന്നത്. പട്ടിക 3.1 നോക്കുക. 1980-91 കാലഘട്ടത്തിൽ GDP വളർച്ചനിരക്ക് 5.6% മായിരുന്നത് 2007-12 കാലഘട്ടത്തിൽ 8.2% ആയി വർദ്ധിച്ചു. പരിഷ്കരണ കാലഘട്ടത്തിൽ കാർഷിക മേഖലയിലെ വളർച്ചാനിരക്ക് കുറയുകയാണുണ്ടായത്. അതേ സമയം വ്യവസായ മേഖലയിലെ വളർച്ചാനിരക്കിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിരുന്നു. എന്നാൽ സേവന മേഖലയിലെ വളർച്ചാ നിരക്ക് വർധിച്ചു. രാജ്യത്തിന്റെ സാമ്പത്തികവളർച്ചയെ മുന്നോട്ട് കൊണ്ടുപോകുന്നത് സേവനമേഖലയുടെ വളർച്ചയാണ് എന്നാണ് ഇത് സൂചിപ്പിക്കുന്നത്. GDP വളർച്ചാ നിരക്ക് 9 ശതമാനമോ 9.5 ശതമാനമോ നേടണമെന്നതാണ് പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി ലക്ഷ്യമിട്ടത്, (2012-17). ഈ ഉയർന്ന വളർച്ചാ നിരക്ക് നേടണമെങ്കിൽ നമ്മുടെ കാർഷിക മേഖല 4 മുതൽ 4.2 ശതമാനം വരെയും, വ്യാവസായിക മേഖല 9.6 മുതൽ 10.9 ശതമാനം വരെയും, സേവന മേഖല 10 ശതമാനവും വളരേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള ഉയർന്ന വളർച്ചാനിരക്ക് നിലനിൽക്കുന്നതല്ല എന്ന പണ്ഡിതരുടെ ആശങ്കയും ഉയർന്നു വന്നിട്ടുണ്ട്.

സമ്പദ്‌വ്യവസ്ഥ തുറന്നിട്ടതോടു കൂടി നേരിട്ടുള്ള വിദേശനിക്ഷേപവും, വിദേശ വിനിമയ ശേഖരവും വർദ്ധിക്കുക യുണ്ടായി. നേരിട്ടുള്ള വിദേശ നിക്ഷേപം, വിദേശ സ്ഥാപനങ്ങളുടെ നിക്ഷേപം എന്നിവ കൂടി ചേർന്ന വിദേശനിക്ഷേപം 1990-91 ലെ 10 കോടി അമേരിക്കൻ ഡോളറിൽ നിന്നും 2010-11 ആയപ്പോഴേക്ക് 4000 കോടി അമേരിക്കൻ ഡോളറായി വർദ്ധിച്ചു.

അതുപോലെതന്നെ വിദേശ നാണ്യ ശേഖരം 1990–91 ലെ 60 കോടി അമേരിക്കൻ ഡോളറിൽ നിന്നും 2011–12 ആയപ്പോഴേക്കും 4000 കോടി അമേരിക്കൻ ഡോളറായി വർദ്ധിച്ചു. ലോകത്ത് ഏറ്റവും കൂടുതൽ വിദേശനാണ്യ ശേഖരമുള്ള രാജ്യങ്ങളിലൊന്നാണ് ഇന്ത്യ.

ഓട്ടോമൊബൈൽ സ്പെയർപാർട്സുകൾ, എഞ്ചിനീയറിംഗ് സാമഗ്രികൾ, ഐടി സോഫ്റ്റ്‌വേർ, തുണിത്തരങ്ങൾ എന്നിവ വൻ തോതിൽ കയറ്റുമതി ചെയ്യുന്ന രാജ്യമായിപരിഷ്കരണ കാലഘട്ടത്തെ ഇന്ത്യയെ കാണാൻകഴിയും. കൂടാതെ വിലക്കയറ്റം നിയന്ത്രണ വിധേയമാക്കിയിരിക്കുന്നു.

എന്നാൽ തൊഴിൽ, കൃഷി, വ്യവസായം, അടിസ്ഥാന സൗകര്യ വികസനം, ധനനിർവഹണം എന്നീ മേഖലകളിലെ അടിസ്ഥാന പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാൻ സാമ്പത്തിക പരിഷ്കരണത്തിന് കഴിഞ്ഞില്ല എന്ന വിമർശനം മറുഭാഗത്ത് നിലനിൽക്കുന്നുണ്ട്.

### പഠന പ്രവർത്തനങ്ങൾ

- കൃഷി ഉൾപ്പെടെയുള്ള വിവിധ മേഖലകളിലെ സബ്സിഡിയെക്കുറിച്ച് കഴിഞ്ഞ അധ്യായത്തിൽ നിങ്ങൾ പഠിച്ചല്ലോ. കാർഷിക മേഖലയിൽ അന്താരാഷ്ട്ര മത്സരക്ഷമതയുണ്ടാക്കുന്നതിനുവേണ്ടി ഈ മേഖലയിൽ സബ്സിഡി ഒഴിവാക്കണമെന്ന് പണ്ഡിതർക്കിടയിൽ ചില വാദങ്ങൾ നിലനിൽക്കുന്നുണ്ട്. ഇതിനോട് നിങ്ങൾ യോജിക്കുന്നുവോ? അങ്ങനെയെങ്കിൽ ഇത് എങ്ങനെ നടപ്പിലാക്കാൻ കഴിയും? ക്ലാസിൽ ചർച്ച ചെയ്യുക.
- താഴെക്കൊടുത്തിട്ടുള്ള ഖണ്ഡിക വായിച്ച് ക്ലാസ്സ് മുറിയിൽ ചർച്ച ചെയ്യുക .
- ആന്ധ്രപ്രദേശിലെ പ്രധാന എണ്ണക്കുരുവാണ് നിലക്കടല. അവിടുത്തെ ആനന്തപൂർ ജില്ലയിലെ മഹാദേവ എന്ന കർഷകൻ അരയേക്കർ സ്ഥലത്ത് നിലക്കടല കൃഷി ചെയ്യാനായി 1500 രൂപ ചെലവഴിച്ചു. അസംസ്കൃത വസ്തുക്കൾ (വിത്ത്, വളം, മുതലായവ) എന്നിവ വാങ്ങിയതിനും, തൊഴിലാളികൾക്ക് കൂലി കൊടുത്തതിനും, കാളയെ ഉപയോഗിച്ചതിനും വൈദ്യുതി, യന്ത്രങ്ങൾ എന്നിവ ഉപയോഗിച്ചതിനുമെല്ലാമാണ് ഈ ചെലവ്. ശരാശരി 2 ക്വിന്റൽ നിലക്കടല യാണ് മഹാദേവന് ലഭിക്കുക. ഓരോ ക്വിന്റലും ആയിരം രൂപയ്ക്കാണ് വിൽക്കുന്നത്. ഇങ്ങനെ 1500 രൂപ ചെലവിട്ട് കൃഷിചെയ്ത മഹാദേവന് ലഭിക്കുന്നത് വെറും 2000 രൂപ മാത്രമാണ്. ആനന്തപൂർ ജില്ല വരൾച്ചാസാധ്യതയുള്ള ഒരു പ്രദേശമാണ്. സാമ്പത്തിക പരിഷ്കാരത്തിന്റെ ഫലമായി വലിയതോതിലുള്ള ജലസേചന പദ്ധതികളൊന്നും ഗവൺമെന്റ് ഇവിടെ നടപ്പാക്കിയിട്ടില്ല. അടുത്തകാലത്ത് വിളകൾക്ക് രോഗം പിടിപെട്ടതിനാൽ നിലക്കടല കൃഷി വലിയ പ്രതിസന്ധി നേരിട്ടു. ഗവൺമെന്റ് ചെലവ് കുറച്ചതിനാൽ ഈ മേഖലയിൽ ഗവേഷണപ്രവർത്തനങ്ങൾ എല്ലാംതന്നെ കുറഞ്ഞുവന്നു. മഹാദേവനും

സുഹൃത്തുക്കളും ഈ പ്രശ്നം അടിക്കടി ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ പെടുത്തിയെങ്കിലും ഒന്നും നടന്നില്ല. വിത്ത്, വളം എന്നിവയുടെ സബ്സിഡി വെട്ടിക്കുറച്ചതുമൂലം മഹാദേവന്റെ കൃഷിച്ചെലവ് വർദ്ധിച്ചു. ഇറക്കുമതി നിയന്ത്രണം എടുത്തുകളഞ്ഞതോടെ പ്രാദേശിക വിപണിയിൽ ഭക്ഷ്യഎണ്ണകൾ കുറഞ്ഞ ചെലവിൽ ലഭിക്കാൻ തുടങ്ങി. ചിലവാക്കിയ തുക പോലും വിലയിലൂടെ ലഭിക്കാതിരുന്നതിനാൽ അദ്ദേഹത്തിന്റെ നിലക്കടല വിപണിയിൽ വിൽക്കാനും കഴിഞ്ഞില്ല.

- നഷ്ടം സഹിക്കുന്ന മഹാദേവനെപോലുള്ള കർഷകർക്ക് വേണ്ടി എന്താണ് ചെയ്യാൻ കഴിയുക? ക്ലാസ്സിൽ ചർച്ച ചെയ്യുക.

### സാമ്പത്തികവളർച്ചയും തൊഴിലും (Growth and Employment):

സാമ്പത്തിക പരിഷ്കരണത്തിന്റെ കാലഘട്ടത്തിൽ GDP വളർച്ചാനിരക്ക് വർദ്ധിച്ചുവെങ്കിലും, ഈ സാമ്പത്തിക വളർച്ച നമുക്ക് വേണ്ടത്ര തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടില്ല എന്നാണ് പണ്ഡിതർ ചൂണ്ടിക്കാണിക്കുന്നത്. വളർച്ച, തൊഴിലിന്റെ വിവിധ സ്വഭാവങ്ങൾ എന്നിവ തമ്മിലുള്ള ബന്ധത്തെക്കുറിച്ച് അടുത്ത യൂണിറ്റിൽ നിങ്ങൾ പഠിക്കുന്നുണ്ട്.

### കാർഷികമേഖലയിലെ പരിഷ്കാരങ്ങൾ (Reforms in Agriculture):

സാമ്പത്തികപരിഷ്കാരം കൊണ്ട് കാർഷികമേഖലക്ക് ഗുണമൊന്നും ലഭിച്ചിട്ടില്ല. മാത്രമല്ല ഈ കാലഘട്ടത്തിൽ വളർച്ചാനിരക്ക് കുറയുകയാണുണ്ടായത്.

പരിഷ്കരണ ഘട്ടത്തിൽ കാർഷിക മേഖലയിലെ സർക്കാറിന്റെ മൂലധന നിക്ഷേപം പ്രത്യേകിച്ചും അടിസ്ഥാനസൗകര്യങ്ങളായ ജലസേചനം, വൈദ്യുതി, റോഡുകൾ, വിപണി ബന്ധിപ്പിക്കൽ, ഗവേഷണം (ഹരിതവിപ്ലവത്തിൽ ഇവയെല്ലാം പ്രധാന പങ്കുവഹിച്ചതാണ്) തുടങ്ങിയവയിൽ കുറയുകയാണുണ്ടായത്. രാസവളങ്ങൾ സബ്സിഡി വെട്ടിക്കുറച്ചതു മൂലം കാർഷിഉൽപാദന ചിലവ് വർദ്ധിച്ചു. ഇത് ഏറ്റവും മോശമായി ബാധിച്ചത് ചെറുകിട നാമമാത്ര കർഷകരെയാണ്. കാർഷികോൽപന്നങ്ങളുടെ ഇറക്കുമതിച്ചുങ്കം വെട്ടിക്കുറച്ചതും, താങ്ങുവില നീക്കം ചെയ്തതും, കാർഷികോൽപന്നങ്ങളുടെ അളവു നിയന്ത്രണം എടുത്തു കളഞ്ഞതുമെല്ലാം ഈ മേഖലയിലുണ്ടായ നയമാറ്റങ്ങളാണ്. ഇതെല്ലാം ഇന്ത്യൻ കർഷകരെ കൂടുതൽ മോശപ്പെട്ട അവസ്ഥയിലേക്ക് എത്തിച്ചു. അതുകൊണ്ട് വർദ്ധിച്ചതോതിലുള്ള അന്താരാഷ്ട്ര മത്സരങ്ങളും ഇന്ന് ഇന്ത്യൻ കർഷകർ നേരിടുന്നുണ്ട്.

ഇതുകൂടാതെ കാർഷികമേഖലയിലെ കയറ്റുമതി അടിസ്ഥാനമാക്കിയ നയതന്ത്രത്തിന്റെ ഭാഗമായി ഭക്ഷ്യവിളകൾക്കു പകരം നാണ്യവിളകളുടെ ഉൽപാദനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ഇതോടെ തദ്ദേശീയ വിപണിക്കു വേണ്ടിയുള്ള ഉൽപാദനത്തിനു പകരം വിദേശ വിപണി ലക്ഷ്യംവച്ചു കൊണ്ടുള്ള ഉൽപാദനത്തിന് പ്രാധാന്യം നൽകി. ഇത് ഭക്ഷ്യധാന്യങ്ങളുടെ വിലയിൽ വലിയ സമ്മർദ്ദം സൃഷ്ടിച്ചു.

## വ്യവസായ മേഖലയിലെ പരിഷ്കാരങ്ങൾ (Reforms in industry):

വ്യവസായ വളർച്ച നിരക്കും കുറഞ്ഞ തോതിലാണ് രേഖപ്പെടുത്തിയത്. വില കുറഞ്ഞ വിദേശ ഉൽപന്നങ്ങളുടെ ഇറക്കുമതി, പശ്ചാത്തല സൗകര്യങ്ങളിലുള്ള അപര്യാപ്തമായ നിക്ഷേപം തുടങ്ങിയവയാണ് ഇതിന്റെ പ്രധാന കാരണങ്ങൾ.

ആഗോളവൽക്കരണകാലത്ത് വികസ്വര രാജ്യങ്ങൾ അവരുടെ വിപണി വികസിത രാജ്യങ്ങളുടെ ഉൽപന്നങ്ങൾക്കും മൂലധനങ്ങൾക്കും വേണ്ടി തുറന്നു കൊടുക്കാൻ നിർബന്ധിതരായി. ഇത് ഇറക്കുമതി വസ്തുക്കൾക്ക് വേണ്ടി നമ്മുടെ വ്യവസായങ്ങളെ അടിയറവയ്ക്കുകയും ഇകഴ്ത്തുകയുമായിരുന്നു ചെയ്തത്. കുറഞ്ഞ വിലയിലുള്ള ഇറക്കുമതി സാധനങ്ങൾ തദ്ദേശീയ ഉൽപന്നങ്ങളുടെ ചോദനം കുറച്ചു. തദ്ദേശീയ ഉൽപന്ന നിർമ്മാതാക്കൾ ഇറക്കുമതി ഉൽപന്നങ്ങളിൽ നിന്നുള്ള കടുത്ത മത്സരം നേരിട്ടു. മൂലധന നിക്ഷേപത്തിന്റെ അപര്യാപ്തത മൂലം വൈദ്യുതി ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യങ്ങൾക്ക് ദൗർലഭ്യം നേരിട്ടിരുന്നു. ആഗോളവൽക്കരണം മൂലം വിദേശ രാജ്യങ്ങളിൽ നിന്നും സാധനങ്ങളുടേയും സേവനങ്ങളുടേയും അനിയന്ത്രിതമായ ഒഴുക്ക് വികസ്വര രാജ്യങ്ങളിലെ പ്രാദേശിക വ്യവസായങ്ങളേയും തൊഴിലവസരങ്ങളേയും പ്രതികൂലമായി ബാധിച്ചു

കൂടാതെ, വികസിത രാജ്യങ്ങളിലെ ഉയർന്ന ചുങ്കം മറ്റ് തടസ്സങ്ങൾ ഇവ മൂലം ഇന്ത്യയെ പോലുള്ള ഒരു വികസ്വരരാജ്യത്തിന്റെ ഉൽപന്നങ്ങൾക്ക് വികസിത രാജ്യങ്ങളിലെ വിപണി ലഭിക്കാൻ അവസരമുണ്ടായില്ല. ഉദാഹരണമായി വസ്ത്രങ്ങളുടേയും, തുണിത്തരങ്ങളുടേയും കയറ്റുമതി അളവിലെ നിയന്ത്രണം ഇന്ത്യ ഒഴിവാക്കിയിരുന്നുവെങ്കിലും, ഇന്ത്യയിൽ നിന്നും ചൈനയിൽ നിന്നും ഇറക്കുമതി ചെയ്യുന്ന തുണിത്തരങ്ങൾക്കുള്ള അളവിലുള്ള നിയന്ത്രണം അമേരിക്ക ഒഴിവാക്കിയിരുന്നില്ല.

### അപനിക്ഷേപം (Disinvestment) :

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിൽക്കുന്നതിന് ഇന്ത്യാ ഗവൺമെന്റ് എല്ലാ വർഷവും ഒരു ലക്ഷ്യം വെക്കാറുണ്ട്. ഉദാഹരണമായി 1991–92 ൽ പൊതുമേഖലയുടെ സ്വകാര്യവൽക്കരത്തിലൂടെ ലക്ഷ്യമിട്ട തുക 2500 കോടി രൂപ ആയിരുന്നു. എന്നാൽ ഇതിലൂടെ നേടിയത് നേടിയത് 3040 കോടി രൂപയാണ്. ഇത് ലക്ഷ്യമിട്ടതിനേക്കാൾ കൂടുതലാണ്. 2010–11ൽ ലക്ഷ്യമിട്ട തുക 40000 കോടി രൂപ ആയിരുന്നു. എന്നാൽ നേടാനായത് 22850 കോടി രൂപ മാത്രം. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ കുറഞ്ഞ വിലയിൽ സ്വകാര്യമേഖലക്ക് വിൽക്കുന്നു എന്ന വിമർശനം ഉയർന്നു വന്നിട്ടുണ്ട്. ഗവൺമെന്റിന് ഗണ്യമായ സാമ്പത്തികനഷ്ടം ഉണ്ടായി എന്നതാണ് ഇതിനർത്ഥം. കൂടാതെ പൊതുമേഖലാ ഓഹരികൾ വിറ്റുകിട്ടുന്ന പണം ആ മേഖലയുടെ വികസനത്തിനോ സാമൂഹ്യ അടിസ്ഥാന ഘടകങ്ങളുടെ നിർമാണത്തിനോ ആയിരുന്നില്ല ഉപയോഗിച്ചത്. മറിച്ച്, ഗവൺമെൻറിന്റെ റവന്യൂ വരുമാനത്തിലെ കമ്മിനികത്തുന്നതിനായിരുന്നു. പൊതുമേഖലയുടെ നില മെച്ചപ്പെടുത്തുന്നതിന് അവയുടെ സ്വത്തിന്റെ ഒരു ഭാഗം വിൽക്കലാണ് ഏറ്റവും മെച്ചപ്പെട്ടവഴി എന്ന് നിങ്ങൾ കരുതുന്നുവോ?

**സാമ്പത്തിക പരിഷ്കരണങ്ങളും ധന നയവും (Reforms and Fiscal Policies):**

പൊതുചെലവുകൾ പ്രത്യേകിച്ചും സാമൂഹ്യ മേഖലകയിലുള്ള ചെലുകൾ നിയന്ത്രിക്കുന്ന ഒരവസ്ഥയാണ് സാമ്പത്തികപരിഷ്ക്കരണത്തിൽ കാണാൻ കഴിഞ്ഞത്. നികുതി നിരക്ക് കുറയ്ക്കലിലൂടെ ലക്ഷ്യമിട്ട ഉയർന്ന വരുമാനവും, നികുതി വെട്ടിപ്പ് നിയന്ത്രണവും ഗവൺമെന്റിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് സഹായിച്ചില്ല. കൂടാതെ കസ്റ്റംസ് തീരുവ കുറച്ചതിലൂടെയും നികുതി വരുമാന വർദ്ധനവിനുള്ള സാധ്യത കുറയുകയാണുണ്ടായത്. വിദേശ നിക്ഷേപം പ്രോത്സാഹിപ്പിക്കാൻ നൽകിയിരുന്ന നികുതിയിളവുകൾ നികുതി വരുമാനം വർദ്ധിപ്പിക്കാനുള്ള സാധ്യത വീണ്ടും കുറയ്ക്കുകയാണ് ചെയ്തത്. ഇത് രാജ്യത്തിന്റെ വികസന, ക്ഷേമ ചെലവുകളെ ദോഷമായി ബാധിച്ചു.

## 3.7 ഉപസംഹാരം

ഇന്ത്യയ്ക്കും മറ്റ് രാജ്യങ്ങൾക്കും സ്വകാര്യവൽക്കരണത്തിലൂടെയും ഉദാരവൽക്കരണത്തിലൂടെയും ഉണ്ടായ ആഗോളവൽക്കരണപ്രക്രിയ കൊണ്ട് ഗുണദോഷ ഫലങ്ങൾ ഉണ്ടായിട്ടുണ്ട്. ആഗോളവൽക്കരണ നയത്തിന്റെ ഭാഗമായി വികസ്വര രാജ്യങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിൽ കൂടുതൽ അവസരങ്ങൾ ലഭിച്ചു എന്ന് അഭിപ്രായമുണ്ട്. കൂടാതെ ഉയർന്ന സാങ്കേതികവിദ്യയും, അന്താരാഷ്ട്രതലത്തിൽ വികസ്വര രാജ്യങ്ങളിലെ വൻ വ്യവസായങ്ങൾക്കുള്ള സാധ്യതകളും ഇതിന്റെ ഗുണഫലങ്ങളാണ് എന്ന വാദങ്ങൾ ചില പണ്ഡിതർ ഉയർത്തുന്നുണ്ട്.

### ബോക്സ് 3.3 സിർസില്ല ദുരന്തം

വൈദ്യുതി സബ്സിഡി നീക്കം ചെയ്തും ഊർജ നികുതി (Power tariff) വർദ്ധിപ്പിച്ചുമാണ് ഊർജമേഖലാ പരിഷ്ക്കാരങ്ങൾ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും നടപ്പാക്കിയത്. കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി വിതരണത്തിൽ നിന്ന് സംസ്ഥാനങ്ങൾ പിന്മാറുകയും വൈദ്യുതി നിരക്ക് വൻതോതിൽ വർദ്ധി പ്പിക്കുകയും ചെയ്തു. ഇത് ചെറുകിട വ്യവസായങ്ങളിലെ തൊഴിലാളികളെ കാര്യമായി ബാധിച്ചു. ആന്ധ്രപ്രദേശിലെ യന്ത്രത്തറി (Powerloom) തുണി വ്യവസായങ്ങൾ ഇതിന് ഉദാഹരണമാണ്. യന്ത്രത്തറി തൊഴിലാളികളുടെ വേതനം അവരുടെ കമ്പനിയിലെ തുണി ഉൽപ്പാദനവുമായി ബന്ധപ്പെട്ടിരുന്നതിനാൽ വൈദ്യുതിമുടക്കം എന്നാൽ തൊഴിലാളികളുടെ വേതനം കുറക്കുക എന്നതായിരുന്നു. വൈദ്യുത നിരക്ക് വർദ്ധനവ് മൂലം ഇവർ ഇതിനകം തന്നെ ഏറെ പ്രയാസപ്പെട്ടിരുന്നു. ഇത് അവരുടെ ഉപജീവനത്തിൽ വലിയ പ്രതിസന്ധി സൃഷ്ടിക്കുകയും ആന്ധ്രാപ്രദേശിലെ ചെറിയ പട്ടണമായ സിർസില്ലയിൽ 50 യന്ത്രത്തറി തൊഴിലാളികൾ ആത്മഹത്യ ചെയ്യുകയുമുണ്ടായി.

- വൈദ്യുതി നിരക്ക് ഉയർത്തരുത് എന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ?
- സാമ്പത്തിക പരിഷ്കാരം മൂലം പ്രയാസപ്പെടുന്ന ചെറുകിട വ്യവസായങ്ങളെ പുനരുദ്ധരിക്കാൻ എന്ത് നിർദ്ദേശമാണ് നിങ്ങൾക്കുള്ളത്?

അതിനു വിപരീതമായി വികസിതരാജ്യത്തെ ഉൽപ്പന്നങ്ങൾക്ക് മറ്റു രാജ്യങ്ങളിൽ വിപണി കണ്ടെത്താനുള്ള തന്ത്രമാണ് ആഗോള വൽക്കരണം എന്ന അഭിപ്രായവും വിമർശ കർ പങ്കു വെക്കുന്നു. ഇവരുടെ അഭിപ്രായ ത്തിൽ ദരിദ്രരാജ്യങ്ങളിലെ മനുഷ്യരുടെ ക്ഷേമവും സ്വത്വബോധവും ആഗോള വൽക്കരണ നയങ്ങൾ ഇല്ലാതാക്കി. മാത്ര വുമല്ല, വിപണി അടിസ്ഥാനമാക്കിയുള്ള ആഗോളവൽക്കരണ നയങ്ങൾ ജനങ്ങൾ ക്കിടയിലും, രാജ്യങ്ങൾക്കിടയിലും വലിയ അസമത്വം സൃഷ്ടിച്ചു.

ഇന്ത്യൻ സാഹചര്യത്തിൽ നിന്നും നോക്കു മ്പോൾ 1990 കളുടെ ആദ്യത്തിൽ ഇന്ത്യയിലു ണ്ടായ സാമ്പത്തികപ്രതിസന്ധിക്ക് കാരണ മായി ചില പഠനങ്ങൾ പറയുന്നത് ഇന്ത്യൻ സമൂഹത്തിലെ ആഴത്തിലുള്ള അസമത്വ ങ്ങളാണെന്നാണ്. ഈ പ്രതിസന്ധി മറികടക്കാൻ തുടങ്ങിവെച്ച സാമ്പത്തിക പരിഷ്കാരങ്ങൾ അസമത്വം വീണ്ടും വർദ്ധിപ്പിക്കുകയാണ് ചെയ്തത്. ഈ നയങ്ങൾ രാജ്യത്തെ ചെറിയശതമാനം വരുന്ന സമ്പന്നരുടെ വരുമാനവും, ഉപഭോ ഗവും വർദ്ധിക്കാൻ മാത്രമേ സഹായി ച്ചിട്ടുള്ളൂ. ദശലക്ഷക്കണക്കിന് ജനങ്ങളുടെ ഉപജീവനമാർഗമായ കാർഷിക വ്യവസായ മേഖലകളേക്കാൾ രാജ്യത്ത് വളർന്നു വികസിച്ചത് സേവനമേഖലയിലുള്ള വാർത്താവിനിമയം, വിവരസാങ്കേതിക വിദ്യ, പണമേഖല, വിനോദം, യാത്ര, അതിഥി സേവനങ്ങൾ, റിയൽ എസ്റ്റേറ്റ് എന്നിവയാണ്.

## സംഗ്രഹം

- കുറഞ്ഞുവരുന്ന വിദേശനാണ്യം, കയറ്റുമതി വർദ്ധനവില്ലാതെയുള്ള ഇറക്കുമതി വർദ്ധനവ്, ഉയർന്ന തോതിലുള്ള വിലക്കയറ്റം എന്നീ പ്രശ്നങ്ങൾ ഇന്ത്യ അഭിമുഖീകരിച്ചിരുന്നു. സാമ്പത്തിക പ്രതിസന്ധി, അന്താരാഷ്ട്ര സംഘടനകളായ IMFന്റേയും ലോകബാങ്കിന്റെയും സമ്മർദ്ദം എന്നിവമൂലമാണ് 1991-ൽ ഇന്ത്യ സാമ്പത്തിക പരിഷ്കാരങ്ങൾക്ക് തുടക്കം കുറിച്ചത്.
- ആഭ്യന്തര സമ്പദ്‌വ്യവസ്ഥയിൽ പ്രധാനമായും വ്യവസായമേഖല, ധനകാര്യ മേഖല എന്നിവയിലാണ് വലിയപരിഷ്കാരങ്ങൾ നടപ്പാക്കിയത്. വിദേശകാര്യ മേഖലയിലാവട്ടെ പ്രധാനമായും വിദേശ നാണയ നിയന്ത്രണങ്ങൾ ഒഴിവാക്കലും ഇറക്കുമതി ഉദാരവൽക്കരണവും ആയിരുന്നു.
- പൊതുമേഖലയുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി അതിന്റെ പ്രാധാന്യം കുറച്ച് സ്വകാര്യമേഖലയ്ക്ക് തുറന്നുകൊടുക്കണമെന്ന് അഭിപ്രായസമന്വയം വന്നിരുന്നു. മൂലധന നിക്ഷേപത്തിന്റെ സ്വകാര്യവൽക്കരണത്തിലൂടെയും. ഉദാരവൽക്കരണ നടപടിയിലൂടെയുമാണ് ഇത് നടപ്പിലാക്കിയത്.

- ആഗോളവൽക്കരണം എന്നത് ഉദാരവൽക്കരണത്തിന്റെയും സ്വകാര്യവൽക്കരണത്തിന്റെയും പരിണിതഫലമാണ്. നമ്മുടെ സമ്പദ്‌വ്യവസ്ഥയെ ആഗോള സമ്പദ്‌വ്യവസ്ഥയുമായി ഉദ്ഗ്രഥിപ്പിക്കുക എന്നതാണ് ഇതിനർഥം.
- പുറംപണിക്കരാർ എന്നത് (outsourcing) ഉയർന്നുവരുന്ന ഒരു ബിസിനസ് പ്രവർത്തനമാണ്.
- ആഗോള വിഭവങ്ങളുടെ ഏറ്റവും മികച്ച ഉപഭോഗം (optimum utilisation) ഉറപ്പുവരുത്തുന്നതിന് നിയമാധിഷ്ഠിത വ്യാപാരവാഴ്ച സ്ഥാപിക്കുക എന്നതായിരുന്നു ലോകവ്യാപാര സംഘടനയുടെ ലക്ഷ്യം.
- പരിഷ്കരണ കാലഘട്ടത്തിൽ കാർഷിക മേഖല, വ്യവസായമേഖല എന്നിവയിൽ വളർച്ചാനിരക്ക് കുറയുകയാണ് ചെയ്തത്. എന്നാൽ സേവനമേഖലയിൽ വളർച്ചാനിരക്ക് കൂടുകയുണ്ടായി. പരിഷ്കരണങ്ങൾ കാർഷികമേഖലയ്ക്ക് ഗുണപ്രദമായിരുന്നില്ല. ഈ മേഖലയിൽ പൊതു നിക്ഷേപം കുറയുകയും ചെയ്തിട്ടുണ്ട്.
- കുറഞ്ഞവിലയിലുള്ള ഉൽപന്നങ്ങളുടെ ഇറക്കുമതിയും, കുറഞ്ഞ മൂലധനനിക്ഷേപവും വ്യവസായ മേഖലയിലെ വളർച്ച കുറയാൻ ഇടയാക്കി.



## അഭ്യാസം

1. എന്തിനാണ് ഇന്ത്യയിൽ സാമ്പത്തിക പരിഷ്കാരങ്ങൾ തുടങ്ങിയത്?
2. ലോകവ്യാപാര സംഘടനയിൽ (WTO) അംഗമാകുന്നതിന്റെ ആവശ്യമെന്താണ്?
3. ഇന്ത്യയിലെ ധനകാര്യ മേഖലയുടെ നിയന്ത്രകൻ എന്നതിൽ നിന്നും സഹായകൻ എന്നതിലേക്ക് റിസർബാങ്ക് മാറിയത് എന്തുകൊണ്ട്?
4. റിസർവ്ബാങ്ക് വാണിജ്യബാങ്കുകളെ നിയന്ത്രിക്കുന്നതെങ്ങനെ?
5. രൂപയുടെ മൂല്യശോഷണം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?
6. താഴെ പറയുന്നവയുടെ വ്യത്യാസം കണ്ടെത്തുക .
   i. തന്ത്രപ്രധാനമായ വിൽപ്പനയും, തുച്ഛമായ വിൽപനയും. (Srategic and minortiy sale)

ii. ഉഭയകക്ഷി വ്യാപാരവും, ബഹുമുഖ വ്യാപാരവും. (Bilateral and multilateral trade)

iii. ചുങ്കം വഴിയുള്ള നിയന്ത്രണവും ചുങ്കേതരനിയന്ത്രണവും

7. എന്തിനാണ് ചുങ്കം ചുമത്തുന്നത്?

8. അളവുപരമായ നിയന്ത്രണങ്ങൾ (quantitative restrictions) എന്നത് കൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?

9. ലാഭം ഉണ്ടാക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളെയാണ് സ്വകാര്യവൽക്കരിക്കേണ്ടത്. ഈ കാഴ്ചപ്പാടിനോട് നിങ്ങൾ യോജിക്കുന്നുവോ? എന്തുകൊണ്ട്?

10. പുറംപണിക്കരാർ ഇന്ത്യയ്ക്ക് ഗുണകരമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? എന്തുകൊണ്ടാണ് വികസിത രാജ്യങ്ങൾ ഇതിനെ എതിർക്കുന്നത്?

11. നമ്മുടെ രാജ്യത്തെ ചില നേട്ടങ്ങൾ ഇന്ത്യയെ പുറംപണികരാറിന്റെ അനുകൂലമായ ഒരു കേന്ദ്രമാക്കി മാറ്റിയിരിക്കുന്നു. ഈ നേട്ടങ്ങളേതെല്ലാം?

12. നവരത്ന നയം ഇന്ത്യയിലെ പൊതുമേഖലയുടെ പ്രകടനത്തെ മെച്ചപ്പെടുത്താൻ സഹായിച്ചു എന്ന് നിങ്ങൾ കരുതുന്നുണ്ടോ? എങ്ങിനെ?

13. സേവനമേഖലയുടെ ഉയർന്നതോതിലുള്ള വളർച്ചയ്ക്ക് സഹായിച്ച ഘടകങ്ങൾ ഏതെല്ലാം?

14. സാമ്പത്തികപരിഷ്കാര നടപടികൾ കാർഷികമേഖലയെ മോശമായി ബാധിച്ചു. എന്തുകൊണ്ട്?

15. എന്തുകൊണ്ടാണ് പരിഷ്കരണ കാലഘട്ടത്തിൽ വ്യവസായ മേഖല മോശം പ്രകടനം കാഴ്ച്ചവച്ചത്?

16. സാമൂഹ്യനീതി, ക്ഷേമം എന്നിവയുടെ വെളിച്ചത്തിൽ ഇന്ത്യയിലെ സാമ്പത്തിക പരിഷ്കാരത്തെകുറിച്ച് ചർച്ച ചെയ്യുക

## നിർദ്ദേശിക്കപ്പെട്ട അധിക പ്രവർത്തനങ്ങൾ

1. താഴെ കൊടുത്ത പട്ടിക കാണിക്കുന്നത് 1993-94 വർഷത്തെ വില അടിസ്ഥാനമാക്കിയുള്ള GDP വളർച്ചാ നിരക്കാണ്. ദത്തങ്ങളുടെ അവതരണ രീതി നിങ്ങൾ സാംഖികത്തിൽ പഠിച്ചുവല്ലോ. പട്ടികയിലെ ദത്തങ്ങൾ അനുസരിച്ച് ഒരു ടൈം സീരീസ് ലൈൻ വരയ്ക്കുക. അതിനെ വ്യാഖ്യാനിക്കുക.

| വർഷം ജി.ഡി.പി. | വളർച്ചാ നിരക്ക് (%) |
|---|---|
| 2000-01 | 4.3 |
| 2001-02 | 5.5 |
| 2002-03 | 4.0 |
| 2003-04 | 8.1 |
| 2004-05 | 7.0 |
| 2005-06 | 9.5 |
| 2006-07 | 9.6 |
| 2007-08 | 9.3 |
| 2008-09 | 6.7 |
| 2009-10 | 8.6 |
| 2010-11 | 9.3 |

2. നിങ്ങളുടെ ചുറ്റുപാടുകൾ നിരീക്ഷിക്കുക. നിങ്ങളുടെ സംസ്ഥാന വൈദ്യുത ബോർഡിനെ കാണാൻ കഴിയും. KSEB യും, മറ്റു പൊതുമേഖലാസ്ഥാപനങ്ങളും, സ്വകാര്യസ്ഥാപനങ്ങളും പട്ടണങ്ങളിലും സംസ്ഥാനങ്ങളിലും വൈദ്യുത വിതരണം നടത്തുന്നുണ്ട്. ഇവിടെ ഗവൺമെൻറ് ബസ്സുകൾ സേവനം നടത്തുന്നതോടൊപ്പം തന്നെ സ്വകാര്യ ബസ്സുകളും സേവനം നടത്തുന്നുണ്ട്.

   i. പൊതുമേഖലയും സ്വകാര്യമേഖലയും ഒരുമിച്ച് നിലനിൽക്കുന്ന ഈ വ്യവസ്ഥയെകുറിച്ച് നിങ്ങൾ എന്തു കരുതുന്നു?

   ii. അത്തരത്തിലുള്ള ഇരട്ടസംവിധാനത്തിന്റെ ഗുണങ്ങളും ദോഷങ്ങളും എന്തെല്ലാമാണ്? ചർച്ച ചെയ്യുക.

3. നിങ്ങളുടെ രക്ഷിതാക്കളുടെയും മറ്റു പ്രായമായവരുടേയും സഹായത്തോടുകൂടി സ്വാതന്ത്ര്യം കിട്ടിയ സമയത്തുള്ള ഇന്ത്യയിലെ ബഹുരാഷ്ട്ര കമ്പനികളുടെ പട്ടിക തയ്യാറാക്കുക. ഇപ്പോഴും നിലനിൽക്കുന്ന അത്തരം സ്ഥാപനങ്ങളെ (✓) അടയാളമിട്ടും, നിലവിലില്ലാത്തതിനെ (x) അടയാളമിട്ടും രേഖപ്പെടുത്തുക. ഏതെങ്കിലും കമ്പനിയുടെ പേര് മാറിയിട്ടുണ്ടോ? പുതിയ പേരുകൾ, ഏതു രാജ്യത്തിന്റേതാണ്, ഏതുതരത്തിലുള്ള ഉൽപന്നമാണ്, കമ്പനിയുടെ ചിഹ്നം എന്നിവ അടങ്ങുന്ന ചാർട്ട് ക്ലാസ്സിൽ തയ്യാറാക്കുക.

4. താഴെ പറയുന്നവക്ക് അനുയോജ്യമായ ഉദാഹരണങ്ങൾ എഴുതുക.

| ഉല്പന്നങ്ങൾ | വിദേശ കമ്പനിയുടെ പേര് |
|---|---|
| ബിസ്ക്കറ്റുകൾ | |
| ഷൂസുകൾ | |
| കമ്പ്യൂട്ടറുകൾ | |
| കാറുകൾ | |
| ടിവികളും ഫ്രിഡ്ജുകളും | |
| സ്റ്റേഷനറി | |

ഈ കമ്പനികൾ 1991–ന് മുമ്പ് ഇന്ത്യയിൽ നിലനിന്നിരുന്നുവോ? അതോ പുതിയ സാമ്പത്തികനയത്തിനുശേഷം വന്നവയാണോ? ഇതിനായി നിങ്ങളുടെ അധ്യാപകർ, രക്ഷിതാക്കൾ, കുടുംബത്തിലെ മുതിർന്നവർ, കടയുടമകൾ എന്നിവരുടെ സഹായം തേടുക.

5. ലോകവ്യാപാരസംഘടനയുടെ മീറ്റിങ്ങുമായി ബന്ധപ്പെട്ട കുറച്ച് പത്രവാർത്തകൾ ശേഖരിക്കുക. ഈ മീറ്റിങ്ങുകളിൽ സംവാദത്തിന് വിധേയമാക്കിയ വിഷയങ്ങൾ ചർച്ച ചെയ്യുക. എങ്ങനെയാണ് ഈ സംഘടന ലോകവ്യാപാരത്തെ സുഗമമാക്കുന്നത് എന്ന് കണ്ടെത്തുക.

6. ലോകബാങ്കിന്റെയും IMF-ന്റേയും ആജ്ഞയനുസരിച്ച് ഇന്ത്യയിൽ സാമ്പത്തിക പരിഷ്കാരം തുടങ്ങേണ്ടത് അത്യാവശ്യമായിരുന്നുവോ? അടവുശിഷ്ട പ്രതിസന്ധി (Balance of Payment Crisis) മറികടക്കാൻ ഗവൺമെന്റിന് മറ്റുമാർഗങ്ങൾ ഉണ്ടായിരുന്നില്ലേ? ക്ലാസ്സിൽ ചർച്ച ചെയ്യുക.



## സഹായകഗ്രന്ഥങ്ങൾ


ACHARYA, S. 2003. *India's Economy: Some Issues and Answers*. Academic Foundation, New Delhi.

ALTERNATIVE SURVEY GROUP. 2005. *Alternative Economic Survey, India 2004–05, Disequalising Growth*. Daanish Books, Delhi.

AHLUWALIA, I.J. and I.M.D. LITTLE. 1998. *India's Economic Reforms and Development*. Oxford University Press, New Delhi.

BARDHAN, PRANAB. 1998. *The Political Economy of Development in India*. Oxford University Press, Delhi.

Bhaduri, Amit and Deepak Nayyar. 1996. *The Intelligent Person's Guide to Liberalisation.* Penguin, Delhi.

Bhagwati, Jagdish. 1992. *India in Transition: Freeing the Economy.* Oxford University Press, Delhi.

Byres, Terence J. 1997. *The State, Development Planning and Liberalisation in India.* Oxford University Press, Delhi.

Chadha, G.K. 1994. *Policy Perspectives in Indian Economic Development.* Har-Anand, Delhi.

Chelliah, Raja J. 1996. *Towards Sustainable Growth: Essays in Fiscal and Financial Sector Reforms in India.* Oxford University Press, Delhi.

Debroy, B. and Rahul Mukherji (Eds.). 2004. *The Political Economy of Reforms.* Bookwell Publication, New Delhi.

Dreze, Jean and Amartya Sen. 1996. *India: Economic Development and Social Opportunity.* Oxford University Press, Delhi.

Dutt, Ruddar and K.P.M. Sundaram. 2005. *Indian Economy.* S. Chand and Company, New Delhi.

Guha, Ashok (Ed.) 1990. *Economic Liberalisation, Industrial Structure and Growth in India.* Oxford University Press, Delhi.

Jalan, Bimal. 1993. *India's Economic Crisis: The Way Ahead.* Oxford University Press, Delhi.

Jalan, Bimal. 1996. *India's Economic Policy: Preparing for the Twenty First Century.* Viking, Delhi.

Joshi,Vijay and I.M.D. Little. 1996. *India's Economic Reforms 1991-2001.* Oxford University Press, Delhi,

Kapila, Uma. 2005. *Understanding the Problems of Indian Economy.* Academic Foundation, New Delhi.

Mahajan, V.S. 1994. *Indian Economy Towards 2000 A.D.* Deep & Deep, Delhi.

Parekh, Kirit and Radhakrishna, *2002, India Development Report* 2001-02. Oxford University Press, New Delhi.

Rao, C.H. Hanumantha. and Hans Linnemann. 1996. *Economic Reforms and Poverty Alleviation in India,* Sage Publication, Delhi.

Sachs, Jeffrey D., Ashutosh Varshney and Nirupam Bajpai.1999. *India in the Era of Economic Reforms.* Oxford University Press, New Delhi.

**Government Reports**

*Economic Survey* 2012-13. Ministry of Finance, Government of India.

*Tenth Five Year Plan 1997-2002.* Vol. I. Government of India, Planning Commission, New Delhi.